2023
JUNE
05
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## വീണ്ടും 2,000 കോടി കടമെടുക്കുന്നു

**തിരുവനന്തപുരം:** സാമ്പത്തിക വർഷത്തെ ആദ്യ രണ്ടു മാസം പിന്നിടുമ്പോൾ തന്നെ നാലാമത്തെ കടമെടുപ്പിനു സർക്കാർ. ഈ മാസം 6ന് 2,000 കോടി രൂപ കൂടിയാണു സർക്കാർ കടമെടുക്കുക. ഇതോടെ ഈ വർഷം കടമെടുപ്പ് 6,000 കോടിയായി. കേരളത്തിന്റെ കടമെടുപ്പു പരിധി 32,442 കോടിയിൽ നിന്ന് 15,390 കോടി രൂപയായി കേന്ദ്രം വെട്ടിക്കുറച്ചതിനാൽ ശേഷിക്കുന്ന തുക സാവധാനം കടമെടുക്കുമെന്നായിരുന്നു കരുതിയിരുന്നത്.

എന്നാൽ 11,500 സർക്കാർ ജീവനക്കാർ കൂട്ടത്തോടെ വിരമിച്ചതിനാൽ വരും ദിവസങ്ങളിൽ വലിയ ചെലവാണ് മുന്നിൽക്കാണുന്നത്. അക്കൗണ്ടന്റ് ജനറൽ ഓഫിസിൽ നിന്ന് പെൻഷൻ ഫയലുകൾ വേഗത്തിൽ പാസാക്കുന്നതിനാൽ ഈ മാസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്. ഇതു കണക്കിലെടുത്താണ് വീണ്ടും കടമെടുക്കുന്നത്.

മേയ് 2ന് 7.45% പലിശയ്ക്ക് 1,500 കോടിയും മേയ് 23ന് 7.29% പലിശയ്ക്ക് 500 കോടിയും മേയ് 30ന് 7.32% പലിശയ്ക്ക് 2,000 കോടി രൂപയും കടമെടുത്തിരുന്നു. ഇനി 2,000 കോടി കൂടി എടുക്കുന്നതോടെ കടമെടുക്കാൻ അവശേഷിക്കുന്നത് 9,390 കോടിയാണ്. ഈ തുക വരും മാസങ്ങളിൽ ശമ്പളവും പെൻഷനും പോലും കൊടുക്കാൻ തികയില്ല.

കടമെടുപ്പ് കണക്കു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്ന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചാലും പരമാവധി ഈ വർഷം 20,000 കോടി രൂപ മാത്രമേ കടം അനുവദിക്കൂ എന്നാണ് കേരളം കരുതുന്നത്.

അതിനാൽ കടമെടുപ്പ് അവകാശം വെട്ടിക്കുറയ്ക്കുന്നത് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യാനാണ് സർക്കാർ തീരുമാനം. ഇതിൽ മറ്റു സംസ്ഥാനങ്ങളുടെ സഹകരണവും തേടിയേക്കും.

## 2000 നോട്ട്: 1 ലക്ഷം കോടി ബാങ്ക് അക്കൗണ്ടുകളിലേക്ക്

**കൊച്ചി:** 2000 രൂപയുടെ നോട്ടുകൾ പിൻവലിച്ചതോടെ ബാങ്കുകളിലേക്ക് നിക്ഷേപമായി ഒരു ലക്ഷം കോടി രൂപ എത്തുമെന്ന് എസ്ബിഐയുടെ സാമ്പത്തികാവലോകന റിപ്പോർട്ട്. 2000 നോട്ടുകൾ കയ്യിലുള്ളവർ ബാങ്കുകളിലെത്തിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിലൂടെയാണ് ഈ തുക വരുന്നത്.

രാജ്യമാകെ വായ്പകളുടെ വളർച്ച 16% ആവുകയും എന്നാൽ ബാങ്ക് നിക്ഷേപത്തിലെ വളർച്ച 10% മാത്രമാവുകയും ചെയ്യുന്നത് ആശങ്ക സൃഷ്ടിച്ചിരുന്നു. വായ്പ നൽകാൻ നിക്ഷേപപണം തികയാതെ വരുമോ എന്നതാണ് ആശങ്ക. ഒരു ലക്ഷം കോടി രൂപ അക്കൗണ്ടുകളിലേക്ക് എത്തുമെന്ന വിലയിരുത്തൽ അതിനാൽ ആശ്വാസമായി.

ആകെ വിതരണം ചെയ്യപ്പെട്ട 2000 രൂപയുടെ നോട്ടുകൾ 3.6 ലക്ഷം കോടിയുടേതാണ്. അതിൽ 60,000 കോടിയുടെ നോട്ടുകൾ കറൻസി ചെസ്റ്റുകളിൽ തന്നെയുണ്ട്. ബാക്കി 2 ലക്ഷം കോടി മുതൽ 2.1 ലക്ഷം കോടി വരെയുള്ള തുകയുടെ നോട്ടുകൾ ജനം വിവിധ ആവശ്യങ്ങൾക്കായി വിപണിയിൽ ചെലവഴിക്കും. ഒരു ലക്ഷം കോടി സേവിങ്സ് കറന്റ് അക്കൗണ്ടുകളിലോ സ്ഥിര നിക്ഷേപമായോ ബാങ്കുകളിലേക്കു തന്നെ തിരികെ വരുമെന്നാണ് എസ്ബിഐ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ.സൗമ്യകാന്തി ഘോഷിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത്. എസ്ബിഐക്ക് 18,000 കോടി രൂപ നിക്ഷേപമായി ലഭിച്ചു. 4000 കോടി രൂപ ഉപയോക്താക്കൾ മാറ്റിയെടുത്തു.

ആകെ ഡിജിറ്റൽ പണമിടപാടുകളുടെ 73% യുപിഐ പേയ്മെന്റ് സമ്പ്രദായം നേടിയെടുത്തുവെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി.

വ്യക്തികൾ തമ്മിലുള്ളതും വ്യക്തികളും വ്യാപാരികളും തമ്മിലുള്ളതുമായ ഇടപാടുകളിൽ യുപിഐ തന്നെ മുന്നിൽ. ആകെ ഡിജിറ്റൽ ഇടപാടുകളുടെ എണ്ണം 2016, 17 സാമ്പത്തിക വർഷം 1.8 കോടി മാത്രമായിരുന്നെങ്കിൽ 2022, 23ൽ 8375 കോടിയായി ഉയർന്നു. കൈമാറിയ തുകയും മൂല്യത്തിലും കുതിച്ചുചാട്ടമുണ്ടായി. 5 വർഷം മുൻപ് 6947 കോടി രൂപയായിരുന്നത് ഇപ്പോൾ 139 ലക്ഷം കോടിയായി.

### മുഖ്യമന്ത്രി സ്റ്റാലിന്റെ വിദേശയാത്ര

## തമിഴ്നാട്ടിലേക്കെത്തിയത് 3233 കോടിയുടെ നിക്ഷേപം

### ഏഷ്യയിലെ ഏറ്റവും വലിയ വ്യവസായ കേന്ദ്രമായി തമിഴ്നാട്



**ചെന്നൈ :** തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ 9 ദിവസങ്ങളിലായി നടത്തിയ സിംഗപ്പൂർ, ജപ്പാൻ യാത്ര വഴി സംസ്ഥാനത്തെത്തിയത് 3,233 കോടി രൂപയുടെ നിക്ഷേപം. പദ്ധതികൾ പൂർത്തിയാകുന്നതോടെ 5000 പേർക്കു നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കും. ജപ്പാൻ കമ്പനിയായ മിത്സുബിഷി റഫ്രിജറേറ്റർ നിർമാണത്തിനായി 1,891 കോടി രൂപയുടെ നിക്ഷേപം നടത്തിയതിനു പിന്നാലെ കുയുക്കോട്ട, മിച്ചുപാസ, ബാലികോ സ്റ്റോബിൽ, ബാലികോ ചാട്ടോസ്ജി, ഓമ്രോൺ ഹെൽത്ത് കെയർ തുടങ്ങിയ കമ്പനികളാണു പുതുതായി നിക്ഷേപത്തിനൊരുങ്ങുന്നത്.

ചെറുകിട, സൂക്ഷ്മ വ്യവസായ വികസനം, ബിസിനസ് വികസനം, ഉന്നത വിദ്യാഭ്യാസ നൈപുണ്യ പരിശീലനം എന്നീ മേഖലകളിലും ധാരണാപത്രങ്ങൾ ഒപ്പിട്ടു. അടുത്ത ജനുവരിയിൽ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കാൻ നിക്ഷേപകരെ ക്ഷണിച്ചിട്ടുണ്ടെന്നും ഏഷ്യയിലെ ഏറ്റവും വലിയ വ്യവസായ കേന്ദ്രമായി തമിഴ്നാടിനെ മാറ്റുകയാണ് ലക്ഷ്യമെന്നും സ്റ്റാലിൻ പറഞ്ഞു

## പൂഴ്ത്തിവയ്പ്പ് തടയാൻ നടപടി

**ന്യൂഡൽഹി:** ഉഴുന്ന് പരിപ്പ്, തുവര പരിപ്പ് എന്നിവയുടെ വിലക്കയറ്റം പിടിച്ചുനിർത്താനായി കേന്ദ്രം നിയന്ത്രണം ഏർപ്പെടുത്തി.

ഒക്ടോബർ 31 വരെ കേന്ദ്രം നിഷ്കർഷിക്കുന്ന തോതിൽ മാത്രമേ വ്യാപാരികൾക്ക് സ്റ്റോക്ക് സൂക്ഷിക്കാനാവൂ. മൊത്തവ്യാപാരികൾക്കും ചില്ലറവ്യാപാരികൾക്കും പ്രത്യേക പരിധി നിശ്ചയിച്ചിട്ടുണ്ട്.സ്റ്റോക്ക് വിവരങ്ങൾ വ്യാപാരികൾ കേന്ദ്രത്തെ അറിയിക്കുകയും വേണം.

പരിധിയിൽ കൂടുതൽ സ്റ്റോക്ക് ഉണ്ടെങ്കിൽ 30 ദിവസത്തിനകം അത് കുറച്ച് പരിധിക്കുള്ളിലാക്കണം.





# സീസൺ അരികെ; മുന്നൊരുക്കങ്ങൾ ഇല്ലാതെ വിഴിഞ്ഞം

**വിഴിഞ്ഞം:** മത്സ്യബന്ധന സീസൺ, ട്രോളിങ് നിരോധനം എന്നിവ ആസന്നമായിരിക്കെ വിഴിഞ്ഞത്ത് മുന്നൊരുക്കങ്ങൾ ഒന്നുമായില്ല. സുരക്ഷാ ചുമതലയ്ക്കായി എത്തുന്ന പൊലീസ് സംഘത്തിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പോലും ഇതുവരെയും സജ്ജമായില്ല. ട്രോളറുകൾ ഇല്ലാത്തതിനാൽ ട്രോളിങ് നിരോധനം വിഴിഞ്ഞത്തെ ബാധിക്കില്ലെങ്കിലും ഇക്കാലം ഇവിടെ മീൻപിടിത്ത സീസൺ ആണ്.

കാലവർഷ തിരകൾ കാരണം സമീപ തീരങ്ങളിൽ വള്ളം ഇറക്കാനാകാത്തതിനാൽ ഹാർബർ സൗകര്യമുള്ള വിഴിഞ്ഞത്തേക്ക് മത്സ്യത്തൊഴിലാളികൾ കൂട്ടമായി എത്തും. നിലവിൽ ഇവരുടെ വരവ് തുടങ്ങിയിട്ടുണ്ട്. വള്ളങ്ങൾ ഉൾപ്പെടെ മത്സ്യബന്ധന സന്നാഹങ്ങളും എത്തിത്തുടങ്ങി. ഇനിയുള്ള നാളുകൾ വിഴിഞ്ഞത്ത് സീസൺ തിരക്കാണ്. ഇതു മുൻനിർത്തിയാണ് സുരക്ഷ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാറുള്ളത്.

വിഴിഞ്ഞത്തേക്ക് സുരക്ഷയ്ക്കായി ഇത്തവണ നൂറിലധികം പേരുൾപ്പെടുന്ന പൊലീസ് സംഘം എത്തുമെന്ന് പറയുന്നു. തീരദേശത്തെ വിവിധ പിക്കറ്റ് പോസ്റ്റുകളിൽ മുഴുവൻ സമയമാണ് ഇവർക്ക് ഡ്യൂട്ടി. എന്നാൽ ഇവർക്കു തങ്ങാനുള്ള പിക്കറ്റ് പോസ്റ്റുകൾ ഇതുവരെയും കെട്ടി മേഞ്ഞിട്ടില്ല. ഓല ഷെഡുകൾ പലതും മേൽക്കൂര ദ്രവിച്ചു കുറ്റിക്കാട്ടിലായി.

വിഴിഞ്ഞം ഫിഷ് ലാൻഡ്, കോസ്റ്റൽ പൊലീസ് സ്റ്റേഷൻ മുൻവശം, നോമാൻസ് ലാൻഡ്, ആഴാകുളം കാർട്ടേഴ്സ് ജംക്ഷൻ തുടങ്ങി തുറമുഖ പരിസരത്തെ പത്തോളം ഷെഡുകളാണ് പുനരുദ്ധാരണം സമയത്തിനു നടത്താത്തതിനാൽ തകർച്ചയിലായത്.ഈ ഷെഡുകളിൽ പലതിലും വെളിച്ചം ഇല്ല. പിക്കറ്റ് പോസ്റ്റില്ലാതെ പൊലീസുകാർ വലയുന്ന മുക്കോലയിൽ പോസ്റ്റ് സ്ഥാപിക്കേണ്ടതും അത്യാവശ്യം.

സീസൺ കാലത്ത് തീരം രാവും പകലും ഒരു പോലെ സജീവമാകും. ഫിഷ് ലാൻഡ് പ്രദേശത്ത് ശുദ്ധജല ലഭ്യത സൗകര്യം, ശുചീകരണ സംവിധാനം, വഴിവിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മുൻകൂട്ടി ഒരുക്കണമെന്ന ആവശ്യവും നടപ്പായിട്ടില്ല. കടലിൽ വള്ളങ്ങൾക്ക് സുഗമമായി വന്നു പോകുന്നതിനു മാർഗം തെളിയിക്കുന്ന ബോയ സ്ഥാപിക്കുമെന്ന പ്രഖ്യാപനവും നടപ്പായിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ യാത്ര സൗകര്യത്തിനു വിഴിഞ്ഞം, പൂവാർ റൂട്ടിൽ കൂടുതൽ ബസ് സർവീസ് നടത്താറുള്ളതാണ്. ഇതു സംബന്ധിച്ചും ബന്ധപ്പെട്ടവരിൽ നിന്നു നടപടി നിർദേശങ്ങളുണ്ടായിട്ടില്ല.

ജൂൺ പിറന്നിട്ടും കാലവർഷം എത്താത്തത് തീരത്ത് ആശങ്ക പരത്തി. ശക്തമായ മഴയിൽ കടൽ ഇളകി മറിഞ്ഞാൽ മാത്രമേ മത്സ്യ ലഭ്യത ഉണ്ടാകൂ . സാധാരണ മേയ് 15നു ശേഷം മഴ ലഭിക്കുന്നതോടെയാണ് സാധ്യത തെളിയുന്നത്. കൊഞ്ചു മത്സ്യത്തിൽ തുടങ്ങി കണവ, വാള തുടങ്ങി ഘട്ടം ഘട്ടമായി മറ്റു വിവിധ ഇനങ്ങളും ഇക്കാലത്ത് ലഭിക്കാറുള്ളതാണ്. അടുത്തദിവസങ്ങളിൽ മഴ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് മത്സ്യത്തൊഴിലാളികൾ.

# മറവൻതുരുത്ത്: ടൂറിസം സാധ്യതകൾ ഏറെ

**മറവൻതുരുത്ത്:** ടൂറിസം സാധ്യതകൾ ഏറെ. പ്രയോജനപ്പെടുത്തിയാൽ മറവൻതുരുത്ത് ലോക ശ്രദ്ധയിലെത്തും. നിലവിലുള്ളതു സംരക്ഷിക്കുകയും വേണം. മറവൻതുരുത്ത് പഞ്ചായത്തിലെത്തുന്ന സഞ്ചാരികൾക്കു സമയം ചെലവഴിക്കാവുന്ന ഇടമാണു കണ്ണംകുളത്തു കടവ് തുരുത്തുമ്മ തൂക്കുപാലം. എന്നാൽ കൃത്യമായി അറ്റകുറ്റപ്പണി നടത്താതെ തൂക്കുപാലം ജീർണാവസ്ഥയിലേക്കു കൂപ്പുകുത്തുകയാണ്. വർഷം തോറും അറ്റകുറ്റപ്പണി നടത്തണമെന്നു റവന്യൂ വകുപ്പ് എൻജിനീയറുടെ നിർദേശമുണ്ടെങ്കിലും ഇതുവരെ പാലിക്കാൻ അധികൃതർ തയാറായില്ല.

തുരുത്തുമ്മ ദ്വീപ് നിവാസികളെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന പാലം കൂടിയാണ് ഈ തൂക്കുപാലം. മുന്നൂറോളം കുടുംബങ്ങൾ ദിനംപ്രതി തൂക്കുപാലത്തെ ആശ്രയിച്ചു യാത്ര ചെയ്യുന്നു. പാലത്തിന്റെ പ്ലാറ്റ്ഫോമും പടികളും തുരുമ്പിച്ചു. പാലത്തിന്റെ അടിയിൽ നിന്നു നോക്കിയാൽ തുരുമ്പിച്ചതിന്റെ ഭീകരമായ അവസ്ഥ മനസ്സിലാക്കാം. പാലത്തിന്റെ പ്രധാന ഷീറ്റ് ഇതുവരെ മാറിയിട്ടില്ല.

2020ലാണു മറവൻതുരുത്ത് പഞ്ചായത്തിനു പാലത്തിന്റെ ഉടമസ്ഥാവകാശം ഔദ്യോഗികമായി ലഭിച്ചത്. മാർച്ചിനു മുൻപ് അറ്റകുറ്റപ്പണി തീർക്കുമെന്നു പഞ്ചായത്ത് അധികൃതർ ജനങ്ങൾക്ക് ഉറപ്പു നൽകിയെങ്കിലും അതു വാക്കുകളിൽ മാത്രമായി ഒതുങ്ങിയെന്ന് ആരോപണമുണ്ട്. പാലത്തിൽ സോളർ വിളക്കു സ്ഥാപിച്ചതു മാത്രമാണു പ്രയോജനമായത്. ഉദ്ഘാടനം ചെയ്തതു മുതൽ വെഡിങ് ഷൂട്ടുകളിലും വിഡിയോകളിലും നിറഞ്ഞുനിൽക്കുകയാണ് തുരുത്തുമ്മ തൂക്കുപാലം. രാവിലെയും വൈകുന്നേരവും പാലത്തിൽ ഫൊട്ടോഗ്രഫർമാർ സ്ഥലം പിടിക്കും.

പാലത്തിന്റെ മധ്യത്തിൽ നിന്നാൽ മൂവാറ്റുപുഴയാറിന്റെ ദൃശ്യഭംഗി ആസ്വദിക്കാം. ടെലിവിഷൻ സീരിയലുകളിലും മ്യൂസിക് ആൽബങ്ങളിലും തുരുത്തുമ്മ തൂക്കുപാലത്തിന്റെ ഭംഗി പകർത്തിയിട്ടുണ്ട്.

രണ്ടു മേഖലകളിലായാണു ചെമ്പ്, മറവൻതുരുത്ത് പഞ്ചായത്തുകൾ സ്ഥിതി ചെയ്യുന്നത്. ചെമ്പിലെ പഞ്ചായത്ത് ഓഫിസ് മൂവാറ്റുപുഴയാറിന് അക്കരെ ബ്രഹ്മമംഗലത്താണ്. മറവൻ!തുരുത്ത് പഞ്ചായത്തിലെ തൂക്കുപാലം വഴിയോ ചെമ്പ് അങ്ങാടിക്കടവ് വഴിയോ ഇക്കരെ നിന്നു ബ്രഹ്മമംഗലത്ത് എത്താം. വില്ലേജ് ഓഫിസ് ഇക്കരെ കാട്ടിക്കുന്നിലാണ്. സർക്കാർ ആവശ്യങ്ങൾക്കായി ജനങ്ങൾക്കു മൂവാറ്റുപുഴയാറിന് അക്കരെ ഇക്കരെയായി യാത്ര ചെയ്യേണ്ട അവസ്ഥയാണിപ്പോൾ. മറവൻതുരുത്ത്, ചെമ്പ് പഞ്ചായത്തുകളുടെ പടിഞ്ഞാറൻ മേഖല ചേർത്ത് ഒരു പഞ്ചായത്തായി നിർണയിച്ചാൽ പ്രയോജനപ്പെടും.

കിഴക്കൻ മേഖലകൾ ചേർത്തു തട്ടാവേലി പാലം വഴിയും നിർമാണം പൂർത്തിയാകുന്ന മൂലേക്കടവ് പാലം വഴിയും ബ്രഹ്മമംഗലം, മറവൻതുരുത്ത് മേഖലകളിലേക്ക് എത്താം. നാടു കാണാനെത്തുന്ന വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമാകും. ജനപ്രതിനിധികൾ ഒരുമിച്ചുനിന്നാൽ വികസനപദ്ധതികളും എളുപ്പത്തിൽ യാഥാർഥ്യമാക്കാം.



# 27 ലക്ഷം വരുമാനം, വൻ വിജയമായി കെഎസ്ആർടിസി ടൂറിസം യാത്രകൾ

**കൊല്ലം:** റെക്കോർഡ് വരുമാനവുമായി കെഎസ്ആർടിസി കൊല്ലം ഡിപ്പോയുടെ വേനൽക്കാല ബജറ്റ് ടൂറിസം യാത്രകൾ. ഏപ്രിൽ, മേയ് മാസങ്ങളിൽ സംഘടിപ്പിച്ച യാത്രകളിൽ നിന്ന് 27 ലക്ഷം രൂപയാണ് വരുമാനം ലഭിച്ചത്. 48 യാത്രകളിൽ 1200 പേരാണ് പങ്കാളികളായി. നെഫെർറ്റിറ്റി കപ്പൽ യാത്ര, ഗവി, മൂന്നാർ, വയനാട്, കുമരകം ബോട്ട് യാത്ര, പഞ്ചപാണ്ഡവ ക്ഷേത്ര തീർഥാടനം എന്നിവയാണ് ഉൾപ്പെടുത്തിയത്.

കോളജ് പൂർവവിദ്യാർഥികൾ, കുടുംബശ്രീ, സീനിയർ സിറ്റിസൻ കൂട്ടായ്മകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർ വിവിധ യാത്രകളിൽ പങ്കാളികളായി.ഇന്നലെ ആരംഭിച്ച ഗവി യാത്രയോടെ മഴക്കാലം ആസ്വദിച്ചു കൊണ്ടുള്ള മൺസൂൺ യാത്രകൾക്കും കൊല്ലം ഡിപ്പോയിൽ തുടക്കമായി. 18, 24, 28 തീയതികളിൽ ഗവി യാത്രയുണ്ടാകും. എൻട്രി ഫീസ്, ഉച്ചഭക്ഷണം, ബോട്ടിങ് എന്നിവയുൾപ്പെടെ 1650 രൂപയാണ് നിരക്ക്.

10ന് മൂന്നാർ, വാഗമൺ, റോസ്മല യാത്രകളും ചാർട്ട് ചെയ്തിട്ടുണ്ട്. രണ്ട് ദിവസത്തെ മൂന്നാർ യാത്രയ്ക്ക് താമസവും യാത്രാക്കൂലിയും ഉൾപ്പെടെ 1450 രൂപയാണ് നിരക്ക്. 11, 25 തീയതികളിലുള്ള വാഗമൺ ഏകദിന യാത്രയ്ക്ക് 1020 രൂപയും 11ലെ പൊന്മുടി യാത്രയ്ക്കും റോസ്മല യാത്രയ്ക്കും 770 രൂപയുമാണ് നിരക്ക്. 18, 24 തീയതികളിൽ ആഴിമല ചെങ്കൽ യാത്ര 600 രൂപയ്ക്കും 18, 28 തീയതികളിലെ കുംഭാവുരുട്ടി കോന്നി യാത്ര 570 രൂപയ്ക്കും ആസ്വദിക്കാം.

# ഹരിത സഭ; പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ തുടങ്ങി

**അയ്മനം:** ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിത സഭ സംഘടിപ്പിക്കുന്നു.ഹരിത സഭയോടനുബന്ധിച്ചു ജലാശയങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഒന്നാം വാർഡ് ഒളോക്കരി വരമ്പിനകം ആയിരവേലി മീനച്ചിലാറിൽ നിന്ന് പ്ലാസ്റ്റിക് നീക്കി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സബിത പ്രേംജി ഉദ്ഘാടനം ചെയ്തു. ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് മനോജ് കരീമഠം അധ്യക്ഷത വഹിച്ചു.

യോഗത്തിന് ഹരിത കർമ സേനാംഗം ജയമോൾ, കുടുംബശ്രീ എഡിഎസ് സെക്രട്ടറി റെനിമോൾ എന്നിവർ പ്രസംഗിച്ചു. എംജിഎൻആർജി അംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമ സേനാംഗങ്ങൾ തുടങ്ങിയവർ പ്ലാസ്റ്റിക് നീക്കുന്ന പരിപാടിയിൽ പങ്കെടുത്തു.

5ന് ഉച്ചയ്ക്ക് 1.30ന് പഞ്ചായത്ത് ഹാളിലാണു ഹരിത സഭ ചേരുന്നത്. പൊതു ഇടങ്ങളും,പൊതുജലാശയങ്ങളും പ്ലാസ്റ്റിക് രഹിതമാക്കി സംരക്ഷിക്കുക, പ്രകൃതിയുടെ സ്വാഭാവിക സന്തുലിതാവസ്ഥ സംരക്ഷിക്കുക തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് ഹരിത സഭ സംഘടിപ്പിച്ചിട്ടുള്ളത്.

# ശബരിമല വിമാനത്താവളത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കരുത്

**എരുമേലി:** ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളത്തിനായി ചെറുവള്ളി എസ്റ്റേറ്റിനു പുറത്തു സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കരുതെന്ന് എരുമേലി ജനകീയ സമിതി ആവശ്യപ്പെട്ടു. 2700 ഏക്കറിൽ അധികം വരുന്ന എസ്റ്റേറ്റിന്റെ ഉള്ളിൽത്തന്നെ വിമാനത്താവളത്തിന് ആവശ്യമായ ഭൂമിയുണ്ട്.

ശബരിമല വിശ്വാസത്തിന്റെ പേരിലും വികസനത്തിന്റെ മറവിലും നിയമപ്രശ്നങ്ങളിൽപെട്ടു കിടക്കുന്ന ചെറുവള്ളി എസ്റ്റേറ്റ് ഭൂമി സർക്കാർ ഏറ്റെടുത്ത് ഉടമയ്ക്ക് വലിയ നഷ്ടപരിഹാരം തുക നേടി കൊടുക്കാനുള്ള ഭൂമാഫിയയുടെ നീക്കവും ഇവിടെ നടക്കുന്നതായി സംശയമുണ്ട്.

റൺവേ നിർമിക്കുന്നത് മണിമല ആറിന്റെ പ്രധാന കൈവഴിയായ കാരിത്തോട് ഭാഗത്തുകൂടിയാണ്. ഈ ജലസ്രോതസിനുണ്ടാകുന്ന ആഘാതം പഠനവിധേയമാക്കിയിട്ടില്ലെന്നും ജനകീയ സമിതി പ്രസിഡന്റ് സി.എസ്. മാത്യു, കൺവീനർമാരായ മനോജ് തോമസ്, ബിജി പെരുമ്പെട്ടികുന്നേൽ എന്നിവർ ആരോപിച്ചു.

# അര നൂറ്റാണ്ട് പഴക്കമുള്ള മരങ്ങൾക്ക് പൈതൃകവൃക്ഷ പദവി



**വെളിയന്നൂർ :** അര നൂറ്റാണ്ടു പഴക്കമുള്ള എല്ലാ മരങ്ങൾക്കും പരിസ്ഥിതിദിനത്തിൽ പൈതൃകവൃക്ഷ പദവി നൽകുന്ന പദ്ധതിയുമായി വെളിയന്നൂർ പഞ്ചായത്ത്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നടപ്പാക്കുന്നപൈതൃകവൃക്ഷം പദ്ധതിക്കു ഇന്ന് 10.30ന് അരീക്കര പാറത്തോട് വഴിയരികിലെ മാവിൻചുവട്ടിൽ തുടക്കമാകും. ഈ പ്രദേശത്തെ മരങ്ങളുടെ തുടർസംരക്ഷണം ഏറ്റെടുക്കുന്നത് അരീക്കര സെന്റ് റോക്കീസ് യുപി സ്കൂൾ വിദ്യാർഥികളാണ്. ജനപ്രതിനിധികൾ, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ ജില്ലാ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

പൊതുസ്ഥലങ്ങളിലെയും ഉഴവൂർകൂത്താട്ടുകുളം, രാമപുരംകൂത്താട്ടുകുളം, പുതുവേലി വൈക്കം റോഡരികിലെയും മാവ്, ആൽ, ആഞ്ഞിലി മരങ്ങളെയുമാണു പൈതൃകവൃക്ഷങ്ങളായി തിരഞ്ഞെടുക്കുക. നവകേരളം കർമപദ്ധതി2 ഭാഗമായി ഹരിതകേരള മിഷൻ നടപ്പാക്കുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന പദ്ധതിയുടെ ഭാഗമായാണ് ഈ ജനകീയ ഇടപെടൽ.ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിനു താങ്ങാൻ കഴിയുന്ന രീതിയിൽ പരിമിതപ്പെടുത്തുകയാണു നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ലക്ഷ്യം.

പ്രാദേശിക ഭൂപ്രകൃതി, കാലാവസ്ഥ, ജനവാസം, സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ എന്നിവ കണക്കിലെടുത്ത് ഹ്രസ്വകാല ലക്ഷ്യങ്ങൾ, ഇടക്കാല ലക്ഷ്യങ്ങൾ, ദീർഘകാല ലക്ഷ്യങ്ങൾ എന്നിങ്ങനെ 3 ഘട്ടങ്ങളിലായാണു പദ്ധതി നടപ്പാക്കുക. ആദ്യഘട്ടത്തിൽ ഹ്രസ്വകാല ലക്ഷ്യങ്ങൾക്കു മുൻഗണന നൽകും. അതിന്റെ ഭാഗമായാണു പൈതൃകമരങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുന്നത്. പദ്ധതിയുടെ ഭാഗമായി പൈതൃകവൃക്ഷത്തിനു പ്രത്യേക സംരക്ഷണം നൽകും. ഒരു പൈതൃകമരം മുറിക്കുമ്പോൾ കൂടുതൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും.

സംസ്ഥാനത്തു നിലവിലുള്ള നഷ്ടപരിഹാര പ്ലാന്റേഷൻ പ്രകാരം മുറിക്കുന്ന ഓരോ മരത്തിനും ഒരു തൈ വീതമാണു കണക്ക്. പൈതൃകമരം പദ്ധതിയിൽ നട്ടുപിടിപ്പിക്കുന്ന മരങ്ങളുടെ എണ്ണം മുറിക്കുന്ന പൈതൃകമരത്തിന്റെ പ്രായത്തിനു തുല്യമായിരിക്കും. 52 വർഷം പഴക്കമുള്ള ഒരു മരം മുറിക്കണമെങ്കിൽ പകരം 52 മരങ്ങൾ നടണം. ഓരോ നഷ്ടപരിഹാര മരവും കുറഞ്ഞത് 68 അടി ഉയരം വരുന്നതു വരെ സംരക്ഷിക്കുകയും വേണം.

നഷ്ടപരിഹാര മരങ്ങളായി നട്ടുപിടിപ്പിക്കുന്നവയുടെ നിലനിൽപ് ഉറപ്പാക്കും. ചെയ്യുന്ന പ്രവൃത്തി തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തും. പദ്ധതിയുടെ ഭാഗമായുള്ള മരങ്ങൾ ജിയോ ടാഗ് ചെയ്യും.

കിടങ്ങൂർ മംഗലത്താഴം റോഡിൽ അരീക്കര പാറത്തോട്, വെളിയന്നൂർ ജംക്ഷനു സമീപം എന്നിവിടങ്ങളിൽ കാണാം വൃക്ഷമുത്തച്ഛന്മാർ തണൽ വിരിച്ചുനിൽക്കുന്ന കാഴ്ച. ഇപ്പോൾ ജീവിച്ചിരിക്കുന്ന ആർക്കും അറിയില്ല ഇവ നട്ടു വളർത്തിയത് ഏതു കാലഘട്ടത്തിലാണെന്ന്.

എംസി റോഡ് നിർമാണത്തിനു മുൻപ് തിരുവിതാംകൂറിൽ നിന്നു മൂവാറ്റുപുഴ ഭാഗത്തേക്കുള്ള പ്രധാന പാതയായിരുന്നു കിടങ്ങൂർകൂത്താട്ടുകുളം റോഡ്. രാജഭരണകാലത്തു ഉപയോഗിച്ചിരുന്ന പ്രധാന പാത.

പ്രധാന പാതകളിൽ തണൽ മരങ്ങളും ചോലമരങ്ങളും നട്ടുപിടിപ്പിക്കുന്ന പതിവ് അക്കാലത്തും ഉണ്ടായിരുന്നു. നാടിനു തണൽ ഒരുക്കുന്ന നല്ല ശീലത്തിന്റെ ശേഷിപ്പുകളാണു വെളിയന്നൂർ ഭാഗത്തെ മാവുകൾ. വെളിയന്നൂർ ഭാഗത്തെ മാവുകൾ നാടിന്റെ സ്വന്തമാണ്.

മാവുകളിൽ ഉണ്ടാകുന്ന മാങ്ങയും മാമ്പഴവും എല്ലാവർക്കും അവകാശപ്പെട്ടത്. പറിച്ചെടുക്കാൻ ആരുടെയും അനുമതി വേണ്ട.

വൃക്ഷ മുത്തച്ഛന്മാരുടെ സംരക്ഷണത്തിനു നടപടി വേണമെന്നാണു നാടിന്റെ ആവശ്യം

# കാലവർഷം അരികെ; പ്രളയക്കെണിയൊരുക്കി ഡാമുകളിലെ മണലും ചെളിയും



**രാജകുമാരി:** കാലവർഷത്തിന് മുൻപ് ഡാമുകളിലെ മണൽ നീക്കാനുള്ള നടപടി ജില്ലയിൽ ഇത്തവണയും എങ്ങുമെത്തിയില്ല. നെടുങ്കണ്ടം കല്ലാർ ഡാമിലെ മണലും ചെളിയും! മാത്രമാണ് ഇതുവരെ നീക്കിയത്. മാസങ്ങൾക്ക് മുൻപ് ചെങ്കുളം ഡാമിലെ സ്ലൂയിസ് വാൽവുകളുടെ അറ്റകുറ്റ പണിക്കായി വെള്ളം പുറത്തേക്ക് ഒഴുക്കിയതിനാൽ ഡാമിൽ അടിഞ്ഞ ചെളി കുറച്ചെങ്കിലും പുറത്ത് പോയി. ഒന്നാം പിണറായി സർക്കാരിന്റെ അവസാന ബജറ്റിലും തുടർന്നുള്ള 2 ബജറ്റുകളിലും നികുതിയേതര വരുമാനം ലക്ഷ്യമിട്ട് ഡാമുകളിലെ മണൽ നീക്കാൻ നിർദേശമുണ്ടായിരുന്നു.മണലും ചെളിയും നിറഞ്ഞ് ചെറിയ ഡാമുകളുടെ സംഭരണ ശേഷി കുറഞ്ഞതായി വിദഗ്ധർ പറയുന്നു. ലക്ഷക്കണക്കിന് രൂപ മൂല്യം വരുന്ന മണലാണ് ജില്ലയിലെ ഡാമുകളിൽ ഉള്ളത്.

2018 ലെ പ്രളയത്തെത്തുടർന്ന് ഡാമുകളെല്ലാം വളരെ പെട്ടെന്ന് തുറക്കേണ്ടി വന്നത് സംഭരണ ശേഷി കുറഞ്ഞതു കൊണ്ടാണ്. ഇതു മുന്നിൽ കണ്ട് ഡാമുകളിൽ അടിഞ്ഞ മണൽ നീക്കി സംഭരണ ശേഷി വർധിപ്പിക്കണമെന്ന് ഡാം സുരക്ഷാ വിഭാഗം ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചെങ്കിലും നടപടികളുണ്ടായില്ല. നാഷനൽ സെന്റർ ഫോർ എർത്ത് സയൻസാണ് ഡാമുകളിലെ മണലിന്റെ അളവ് തിട്ടപ്പെടുത്തേണ്ടത്. ലോവർപെരിയാർ, പൊന്മുടി, കല്ലാർകുട്ടി, ചെങ്കുളം, കുണ്ടള, മാട്ടുപ്പെട്ടി ഡാമുകളിൽ നേരത്തെ ബാത്തിമെട്രിക് സർവേ നടത്തിയതാണ്. ഇടുക്കി റിസർവോയറിൽ സെൻട്രൽ വാട്ടർ കമ്മിഷൻ ഒരു മാസമെടുത്ത് ബാത്തിമെട്രിക് സർവേ നടത്തിയെങ്കിലും തുടർ നടപടികളുണ്ടായില്ല.

2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ ജില്ലയിലെ ഭൂരിഭാഗം ഡാമുകളിലും ജലാശയങ്ങളിലും വൻതോതിൽ മണ്ണും മണലും ഒഴുകിയെത്തിയതായാണ് വിദഗ്ധർ പറയുന്നത്. ഇത് ജലാശയങ്ങളുടെ ആഴവും സംഭരണ ശേഷിയും കുറയാൻ കാരണമായിട്ടുണ്ട്. അതുകൊണ്ട് തന്നെ കല്ലാർകുട്ടി ഉൾപ്പെടെയുള്ള ചെറിയ അണക്കെട്ടുകൾ ചെറിയ മഴ പെയ്താൽ പോലും തുറന്നു വിടേണ്ട സ്ഥിതിയാണ്.ഡാമുകളിലെയും ജലാശയങ്ങളിലെയും മണൽ നീക്കം യാഥാർഥ്യമാകുന്നതോടെ ഈ പ്രശ്നങ്ങൾ താൽക്കാലികമായി അവസാനിക്കും.

## വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ നിയമനം

**തിരുവനന്തപുരം:** ജില്ലയിലെ ഒരു അർധ സർക്കാർ സ്ഥാപനത്തിൽ വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ ഒരു താത്കാലിക ഒഴിവുണ്ട്. സൂപ്രണ്ട് അല്ലെങ്കിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ പോലീസ് സേനയിൽ നിന്ന് വിരമിച്ച പുരുഷൻമാർക്ക് അപേക്ഷിക്കാം. 56നും 65നും ഇടയിൽ പ്രായമുള്ളവരായിരിക്കണം. പ്രതിമാസ വേതനം 70,000 രൂപ. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 14നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം.

## കിറ്റ്സിൽ ഗസ്റ്റ് ഫാക്കൽറ്റി

**തിരുവനന്തപുരം:** കേരള സർക്കാർ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിന്റെ (കിറ്റ്സ്) ഹെഡ് ഓഫീസിലേക്ക് അക്കൗണ്ടൻസി/ഫിനാൻസ്/ ക്വാണ്ടിറ്റേറ്റീവ് ടെക്നിക്, ഓപ്പറേഷൻസ് റിസർച്ച് എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഗസ്റ്റ് ഫാക്കൽറ്റി താല്ക്കാലിക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓരോ ഒഴിവുകളാണുള്ളത്.യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പികൾ സഹിതമുള്ള വിശദമായ അപേക്ഷ ഡയറക്ടർ, കിറ്റ്സ്, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ ജൂൺ 9ന് മുമ്പ് അയയ്ക്കണം. വിശദവിവരങ്ങൾക്ക്: 04712327707.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

**തിരുവനന്തപുരം:** ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ കാർഡിയാക് അനസ്തേഷ്യാ തസ്തികയിൽ ഒരു താത്കാലിക ഒഴിവ് നിലവിലുണ്ട്.

എം.ബി.ബി.എസും അനസ്തേഷ്യ എം.ഡി യോ എം.ഡിക്ക് തുല്യമായ ഡി.എൻ.ബിയോ ഉള്ളവർക്ക് അപേക്ഷിക്കാം. കാർഡിയാക് അനസ്തേഷ്യയിൽ ഡി.എം ഉള്ളവർക്കും അവസരമുണ്ട്.ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളുമായി 10 നകം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം.

## കരാർ നിയമനം

**തിരുവനന്തപുരം:** മെഡിക്കൽ കോളജിൽ അസിസ്റ്റന്റ് പ്രൊഫസർപീഡിയാട്രിക് കാർഡിയോളജി സർജറി തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ഇൻ ഇന്റർവ്യൂ നടത്തും. എം.ബി.ബി.എസ്, എം.സി.എച്ച്/ഡി.എൻ.ബി കാർഡിയോ തൊറാസിക് സർജറി എം.എസ്/ഡി.എൻ.ബി ഇൻ ജനറൽ സർജറിയാണ് യോഗ്യത. തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പലിന്റെ കാര്യലയത്തിൽ ജൂൺ 7 രാവിലെ 11 മണിക്ക് ഇന്റർവ്യൂ നടക്കും. പ്രതിമാസ വേതനം 70,000 രൂപ. താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം തിരുവനന്തപുരം മെഡിക്കൽ കോളജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ എത്തണം.



# ഗ്രാമീണ ടൂറിസം ഇടനാഴിയാക്കി മാറ്റാൻവിജയപുരം പഞ്ചായത്ത്

വിജയപുരം: വടവാതൂർ കടത്തുകടവു മുതൽ പൊൻപള്ളി പാലം വരെയുള്ള പ്രദേശം മീനന്തറയാർ ടൂറിസത്തിന്റെ ഭാഗമായി ഗ്രാമീണ ടൂറിസം ഇടനാഴിയാക്കി മാറ്റാൻ പദ്ധതിയുമായി വിജയപുരം പഞ്ചായത്ത്. ആദ്യഘട്ടമായി 18 ലക്ഷം രൂപ ചെലവഴിച്ചു കടത്തുകടവിൽ കുട്ടികൾക്കായി മിനി പാർക്കും പാർക്ക് ബീച്ചും സ്ഥാപിച്ചു. മീനന്തറയാറിലെയും പാടശേഖരങ്ങളിലെയും കാഴ്ചകൾ കാണാൻ ഇരിപ്പിടങ്ങളും നടപ്പാതയും ഒരുക്കി. സുരക്ഷയ്ക്കായി ആറിന്റെ കരകളിൽ ഗ്രില്ലും സിസിടിവി ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. തെരുവുവിളക്കും ഒരുക്കി.വടവാതൂർ ബണ്ട് റോഡ് ടൂറിസവുമായി ബന്ധിപ്പിക്കും. റോഡരികിൽ കൂടുതൽ ഇരിപ്പിടങ്ങൾ, സൂര്യാസ്തമയം കാണാൻ വ്യൂ പോയിന്റ്, മീൻപിടിക്കാൻ സൗകര്യങ്ങൾ എന്നിവയും ഒരുക്കും. കഴിഞ്ഞ പുതുവത്സര ആഘോഷത്തിനു പാപ്പാഞ്ഞിയെ കത്തിക്കുന്നതു കാണാൻ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയിരക്കണക്കിന് ആളുകളാണു ബണ്ട് റോഡിലേക്ക് എത്തിയത്.

കടത്തുകടവിൽ നിന്നു പൊൻപള്ളി പാലം വരെ ഗ്രാമീണഭംഗി ആസ്വദിച്ചു ബോട്ടുയാത്രയും കുട്ടവഞ്ചി യാത്രയും ഉടൻ ഒരുക്കും. പൊൻപള്ളി പാലത്തിനു സമീപമുള്ള ബോട്ടുജെട്ടി നവീകരിച്ചു. പൊൻപള്ളി പാലത്തിൽ ഷട്ടറുകൾ സ്ഥാപിച്ച് ആറിലെ വെള്ളം ക്രമീകരിക്കാനും പദ്ധതിയിടുന്നു. മീനന്തറയാറിന്റെ ഈ പ്രദേശം തടാകത്തിനു സമാനമായി മാറ്റാനാണ് ആലോചന. ഗ്രാമീണ കാഴ്ചകൾ, പക്ഷി നിരീക്ഷണം, നെൽപാടങ്ങളിലൂടെ നടത്തം, സൈക്കിൾ സവാരി എന്നിങ്ങനെ വിനോദസഞ്ചാര പാക്കേജുകളും നടപ്പാക്കും.

## 3.8 കോടി ചെലവഴിച്ച് നിർമിച്ച ബോട്ട് ടെർമിനൽ പാഴാകുന്നു

**കുമരകം:** എന്തിനിങ്ങനെ ഒരു ബോട്ട് ടെർമിനൽ?. നാലുപങ്ക് ബോട്ട് ടെർമിനലിന്റെ പരിസരത്തെ നാട്ടുകാരുടെ ചോദ്യമാണിത്.കോടികൾ മുടക്കി പണിതെങ്കിലും ആർക്കും പ്രയോജനപ്പെടാതെ നശിക്കുന്നു. തറ ഓടുകൾ തകർന്നു തുടങ്ങി. മാസങ്ങൾക്കു മുൻപു തെങ്ങ് വീണ തകർന്ന കൈവരി നേരെയാക്കി വയ്ക്കാൻ പോലും കഴിയുന്നില്ല. നിലത്തു വീണ കൈവരികൾ കാടുകയറി മൂടി. ടൂറിസം വകുപ്പ് പണിയുകയും പിന്നീട് പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്ത ബോട്ട് ടെർമിനലിന്റെ അവസ്ഥ പരിതാപകരമാണ്. ഹൗസ് ബോട്ട് അടുത്തു വിനോദ സഞ്ചാരികളെ കയറ്റി കായൽ യാത്ര നടത്തുന്നതിനാണു 3.8 കോടി രൂപ ചെലവഴിച്ചാണു ബോട്ട് ടെർമിനൽ പണിതത്.

ഉദ്ഘാടനം കഴിഞ്ഞ രണ്ടര വർഷമായിട്ടും ഒരു ഹൗസ് ബോട്ട് പോലും അടുക്കാത്ത ടെർമിനലാണ് ഇത്. ടെർമിനലിൽ പോള തിങ്ങി നിറഞ്ഞു കിടക്കുന്നു.കുമരകത്തിന്റെ വടക്കൻ മേഖലയിൽ നിന്ന് തെക്കൻ മേഖലയിലേക്കു കൂടി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനു നടപ്പാക്കിയ പദ്ധതിയാണു ആർക്കും പ്രയോജനപ്പെടാതെ കിടക്കുന്നത്. 2016 ൽ സർക്കാർ അനുമതി കിട്ടി നിർമാണം തുടങ്ങിയ പദ്ധതി പല കാരണങ്ങളാലും പൂർത്തിയാകാതെ കിടന്നു. കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിനു മുൻപു പണി തീരുന്നതിനു മുൻപു തന്നെ ഉദ്ഘാടനം നടത്തി. ഒരേ സമയം 40 ഹൗസ് ബോട്ടുകൾക്കു കിടക്കാൻ കഴിയുന്ന വിധമായിരുന്നു നിർമാണം. വിനോദ സഞ്ചാരികൾക്കായി വിശ്രമകേന്ദ്രം,കോഫി ഷോപ്പ്, റസ്റ്ററന്റ്, ടോയ്‌ലറ്റ് ബ്ലോക്കുകൾ എന്നിവ പണിയുന്നതിനായിരുന്നു പദ്ധതി. താൽക്കാലിക ശുചിമുറി സൗകര്യം ഏർപ്പെടുത്തിയിരുന്നെങ്കിലും അത് ഇപ്പോൾ ഉപയോഗിക്കാൻ കഴിയുന്നില്ല.

## തരിശു കിടന്ന പാടശേഖരത്തിൽ വീണ്ടും കൃഷി തുടങ്ങുന്നു

**പായിപ്പാട്** : ഏറെക്കാലമായി തരിശായി കിടന്നിരുന്ന തെറ്റിച്ചാൽകോടി ചാത്തൻകേരി പാടശേഖരത്തിൽ വീണ്ടും കൃഷി തുടങ്ങുന്നു. ഒരു നെല്ലും മീനും പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൃഷി ആരംഭിക്കുന്നത്. ജോബ് മൈക്കിൾ എംഎൽഎ ജോലികൾ ഉദ്ഘാടനം ചെയ്തു. ബണ്ട് നിർമാണ പ്രവൃത്തികളുടെ ഉദ്ഘാടനവും എംഎൽഎ നിർവഹിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആനി രാജു, ബ്ലോക്ക് പഞ്ചായത്ത് അംഗം ടീനാമോൾ റോബി, പഞ്ചായത്ത് അംഗം സിബിച്ചൻ ഒട്ടത്തിൽ, കൃഷി ഓഫിസർ എൽദോസ്, പാടശേഖര സമിതി സെക്രട്ടറി ബേബിച്ചൻ ഉപ്പിണ്ണി, പ്രസന്നൻ, അഞ്ജുലാൽ എന്നിവർ പ്രസംഗിച്ചു

# 40 വർഷത്തിലധികം പഴക്കമുള്ള മൺവീടുകളിൽ കഴിയുന്നത് 108 കുടുംബങ്ങൾ

**മൂന്നാർ :** മഴക്കാലം എത്തിയിട്ടും അടച്ചുറപ്പുള്ള വീടെന്ന സ്വപ്നത്തിന് റവന്യു വകുപ്പ് എൻഒസി പ്രതിസന്ധി, 40 വർഷത്തിലധികം പഴക്കമുള്ള മൺവീടുകളിൽ കഴിഞ്ഞ് 108 കുടുംബങ്ങൾ. റവന്യു വകുപ്പിന്റെ എൻഒസി ഇല്ലെന്ന പേരിൽ ലൈഫ്മിഷൻ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ നിർമിക്കാൻ കഴിയാതെ വിഷമത്തിലാണ് കുണ്ടള സാൻഡോസ് എസ്ടി കോളനിയിലെ ഗോത്രവിഭാഗക്കാർ.മുതുവാൻ വിഭാഗത്തിൽ പെട്ട ഗോത്രവർഗക്കാർ താമസിക്കുന്ന സെറ്റിൽമെന്റ് കോളനിയിലെ സ്ഥലത്തിന് പട്ടയം ഇല്ലാത്തതാണ് സർക്കാർ അനുവദിച്ച വീടുകൾ നിർമിക്കുന്നതിനുള്ള എൻഒസി ലഭിക്കാൻ തടസം.

കോളനിയിൽ നിന്നും രണ്ടു കിലോമീറ്റർ ദൂരത്തായി 2002 ൽ സർക്കാർ നൽകിയ പട്ടയഭൂമിയിൽ വീടു വയ്ക്കാൻ എൻഒസി നൽകാമെന്നാണ് റവന്യൂ വകുപ്പിന്റെ ഭാഗം. അടുത്തടുത്ത വീടുകളിൽ താമസിക്കുന്ന പതിവുള്ള മുതുവാൻ സമുദായത്തിൽ പെട്ട ഇവർ ദൂരെ സ്ഥലത്തേക്ക് പോകാൻ തയാറാകാത്തതോടെയാണ് വീടെന്ന ഇവരുടെ സ്വപ്നം നടപ്പാകാത്തത്.കോളനിയിലെ 30 മുതൽ 40 വർഷത്തിലധികം പഴക്കമുള്ള വീടുകളിലാണ് ഗോത്രവർഗക്കാർ ജീവിക്കുന്നത്. മൺകട്ടയും മണ്ണും പുല്ലും ഉപയോഗിച്ച് നിർമിച്ച വീടുകൾ ഭൂരിഭാഗവും ഏതു സമയത്തും തകർന്നു വീഴാവുന്ന നിലയിലാണ്.മിക്ക വീടുകളുടെയും മേൽക്കൂര പ്ലാസ്റ്റിക് പടുത ഉപയോഗിച്ചാണ് മഴവെള്ളം അകത്ത് കയറാതെ സംരക്ഷിച്ചിരിക്കുന്നത്.



കഴിഞ്ഞ അഞ്ചു വർഷമായി ദേവികുളം പഞ്ചായത്ത് കോളനിയിലെ ഗോത്രവർഗക്കാർക്ക് ലൈഫ്മിഷൻ പദ്ധതിയിൽപ്പെടുത്തി വീട് നിർമിക്കുന്നതിനുള്ള ലിസ്റ്റിൽ പേര് ഉൾപ്പെടുത്തിയിട്ടും എൻഒസി ഇല്ലാത്തതിനാൽ ആർക്കും ഇതിന്റെ പ്രയോജനം ലഭിച്ചില്ല. ഇതിനെതിരെ ഗോത്രവർഗക്കാർ കലക്ടർ ഉൾപ്പെടെയുള്ളവർക്ക് നിരവധി പരാതികൾ നൽകിയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. ആദിവാസി പുനരധിവാസ പദ്ധതി പ്രകാരം 2002 ൽ സാൻഡോസ് കോളനിയിൽ താമസിച്ചിരുന്ന 71 കുടുംബങ്ങൾക്ക് പട്ടയമുള്ള അഞ്ച് ഏക്കർ സ്ഥലം വീതം സർക്കാർ നൽകിയിരുന്നു.എന്നാൽ ഈ ഭൂമി താമസസ്ഥലത്തു നിന്നും രണ്ടു കിലോമീറ്റർ ദൂരത്തുള്ള വനമേഖലയിലായതിനാൽ കൃഷിക്ക് മാത്രമാണ് ഉപയോഗിക്കുന്നത്.

## വിദ്യാഭ്യാസ കച്ചവടം അവസാനിപ്പിക്കും: മന്ത്രി വി ശിവൻ കുട്ടി

**ഗുരുവായൂർ:** വിദ്യാഭ്യാസ കച്ചവടം സംസ്ഥാനത്ത് അനുവദിക്കില്ലെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. ഗുരുവായൂർ നിയോജക മണ്ഡലത്തിലെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന എംഎൽഎ പ്രതിഭാ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. എൽ കെ ജി, യു കെ ജി പ്രവേശനത്തിനും മറ്റുമായി പണം വാങ്ങുന്ന രീതി അവസാനിപ്പിക്കുമെന്നും പൊതുവിദ്യാഭാസ വകുപ്പ് നടപ്പാക്കുന്ന ചട്ടങ്ങളും നിയമങ്ങളും എല്ലാ വിദ്യാലയങ്ങളും പാലിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

ജ്ഞാന സമൂഹം സൃഷ്ടിക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികൾക്കും മികച്ച പഠന സൗകര്യമാണ് നൽകുന്നത്. മാത്രമല്ല സർക്കാർ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന ഒരധ്യാപകനെയും പ്രൈവറ്റ് ട്യൂഷൻ നടത്താൻ അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി.

മണ്ഡലത്തിൽ നൂറ് ശതമാനം വിജയം നേടിയ 11 വിദ്യാലയങ്ങളെ ചടങ്ങിൽ ആദരിച്ചു.മികച്ച വിജയം കൈവരിച്ച 32 വിദ്യാലങ്ങളിലെ ഉന്നത വിജയം നേടിയ 488 വിദ്യാർത്ഥികളെയും പുരസ്കാരം നൽകി അനുമോദിച്ചു.

# ജനകീയ ശുചീകരണം:വീടുകളിൽ നേരിട്ടെത്തി ആക്രി സാധനങ്ങൾ ശേഖരിച്ച് മന്ത്രി



**കൊച്ചി:** മാലിന്യനിർമാർജനത്തിന്റെ ഭാഗമായി വൃത്തിയാക്കുന്ന സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിച്ചും നിരന്തര പോലീസ് പട്രോളിങ് ഏർപ്പെടുത്തിയും നിരീക്ഷണം ശക്തമാക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കളമശ്ശേരി മണ്ഡലം മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന 'ശുചിത്വത്തിനൊപ്പം കളമശ്ശേരി' പദ്ധതിയുടെ ത്രിദിന ജനകീയ ശുചീകരണ പരിപാടിക്ക് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മണ്ഡലത്തിലെ ആറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപനത്തോടെയാണ് മൂന്ന് ദിവസത്തെ തീവ്ര ശുചീകരണ യജ്ഞം നടക്കുന്നത്. വീടുകളിൽ നിന്ന് ആക്രി സാധനങ്ങൾ ശേഖരിക്കുന്നതിനൊപ്പം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സന്ദേശങ്ങൾ കൈമാറുന്നുണ്ട്. ക്യാമ്പയിന്റെ ഭാഗമായി ശുചീകരിച്ച സ്ഥലങ്ങളിൽ ഓപ്പൺ ജിം, ഓപ്പൺ പാർക്കുകൾ എന്നിവ സജ്ജീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്നും എൽപി ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളിൽ ചിത്രകലാരൂപത്തിൽ ബോധവൽക്കരണം നടത്തുമെന്നും മന്ത്രി പറഞ്ഞു. ബി.പി.സി.എല്ലിന്റെ അംഗീകാരം ലഭിച്ചാൽ ബ്രഹ്മപുരത്ത് പുതിയ പ്ലാന്റ് നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ ഉടൻ ആരംഭിക്കുമെന്നും കൊച്ചിയിലെ മാലിന്യ പ്രശ്നത്തിൽ ഗൗരവമായ ഇടപെടൽ നടത്തുമെന്നും മന്ത്രി പറഞ്ഞു.കളമശ്ശേരി നഗരസഭയിലെ തിരുനിലത്ത് ലൈനിലെ വീടുകളിൽ നിന്ന് ആക്രിസാധനങ്ങൾ ശേഖരിച്ചാണ് ജനകീയ ക്യാമ്പയിന് മന്ത്രി തുടക്കം കുറിച്ചത്. തുടർന്ന് പുതുശ്ശേരി മല, ഏലൂർ, കടുങ്ങല്ലൂർ പഞ്ചായത്ത് വാർഡ് 13, ആലങ്ങാട് പഞ്ചായത്ത് നീറിക്കോട്, കരുമാലൂർ പഞ്ചായത്ത് വാർഡ് 17, കുന്നുകര പഞ്ചായത്ത് വാർഡ് 10 എന്നിവിടങ്ങളിൽ മന്ത്രി നേരിട്ട് എത്തി ആക്രിസാധനങ്ങൾ ശേഖരിക്കുകയും വീടുകളിൽ ബോധവൽക്കരണ സന്ദേശങ്ങൾ കൈമാറുകയും ചെയ്തു. മണ്ഡത്തിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ഹരിത കർമ്മസേന, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധസേവ സംഘടനകൾ, വ്യാപാരി വ്യവസായ സംഘടനകൾ, റെസ്റ്ററന്റ് അസോസിയേഷനുകൾ, പൗര സമൂഹ സംഘടനകൾ തുടങ്ങിയവരുടേയും ജനങ്ങളുടേയും പങ്കാളിത്തത്തോടെയാണ് ത്രിദിന ജനകീയ ശുചീകരണ യജ്ഞം നടക്കുന്നത്. വൃത്തിയാക്കി വീണ്ടെടുത്ത സ്ഥലങ്ങളിൽ ഇന്ന് വൃക്ഷത്തൈകൾ നട്ടും ചെടികൾ വച്ച് പിടിപ്പിച്ചും പരിസരം മോടി പിടിപ്പിക്കും.

# ചെല്ലാനം ടെട്രാ പോഡ് രണ്ടാംഘട്ടം; നിർമ്മാണം ഉടൻ ആരംഭിക്കും

**കൊച്ചി:**ചെല്ലാനം തീരപ്രദേശത്തെ ടെട്രാ പോഡ് കടൽ ഭിത്തിയുടെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാണെന്നും ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. 7.32 കിലോമീറ്റർ ദൂരം വരുന്ന ഒന്നാം ഘട്ടം പൂർത്തിയായെന്നും കളക്ടർ പറഞ്ഞു. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ ടെട്രാപോഡ് ഇല്ലാത്ത പ്രദേശങ്ങളിലെ മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി മണൽവാട, ജിയോബാഗ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താൻ എത്തിയതായിരുന്നു കളക്ടർ. ഇതിനായി 14 ലക്ഷം രൂപ ദുരന്തനിവാരണ ഫണ്ടിൽ നിന്നും നേരത്തെ അനുവദിച്ചിരുന്നു. കണ്ണമാലി, ചെറിയകടവ്, കാട്ടിപ്പറമ്പ് എന്നിവിടങ്ങളിലാണ് മണൽവാട, ജിയോ ബാഗ് കടൽഭിത്തി നിർമ്മിക്കുന്നത്. ചെല്ലാനം ഹാർബർ മുതൽ പുത്തൻതോട് ബീച്ച് വരെയുള്ള 7.32 കിലോ മീറ്റർ ദൂരത്തിൽ ടെട്രാ പോഡ് കടൽ ഭിത്തിയുടെ ആദ്യഘട്ടമാണ് പൂർത്തിയായത്. വാക് വേയുടെ നിർമ്മാണവും പൂർത്തിയായി. പുത്തൻതോട് മുതൽ വടക്കോട്ട് കണ്ണമാലി പ്രദേശം ഉൾപ്പെടുന്നതാണ് ടെട്രാപോഡ് രണ്ടാംഘട്ടം. ഒന്നാംഘട്ടം പൂർത്തിയായതോടെ ചെല്ലാനത്തെ ജനങ്ങൾ വർഷങ്ങളായി അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിച്ചെന്നും അതിന്റെ ആശ്വാസത്തിലാണ് ജനങ്ങളെന്നും കളക്ടർ പറഞ്ഞു. ജനപ്രതിനിധികളും പ്രദേശവാസികളുമായി കളക്ടർ ചർച്ച നടത്തി. സർക്കാരിന്റെയും ജില്ലാഭരണകൂടത്തിന്റെയും പൂർണ പിന്തുണ തീരദേശ ജനതയ്ക്കുണ്ടാകുമെന്നും അവർ ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയാകും മഴക്കാലം ശക്തിപ്പെടുന്നതിന് മുൻപുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയെന്നും കളക്ടർ പറഞ്ഞു. ചെല്ലാനം പഞ്ചായത്തിലെ 12 വാർഡുകളിൽ കടൽ ഭിത്തിയില്ലാത്ത പ്രദേശങ്ങളിൽ മണൽവാടയും ജിയോ ബാഗും വയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ഡി പ്രസാദ് പറഞ്ഞു. 15, 16 വാർഡുകളിലെ മണൽത്തിട്ട നീക്കവും ആരംഭിച്ചു. ചെല്ലാനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനില സെബാസ്റ്റ്യൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ കെ.എൽ ജോസഫ്, കെ.എസ് നിക്സൻ, സീമ ബിനോയ്, കെ.കെ കൃഷ്ണകുമാർ, റോസി പെക്സി, ബെൻസി, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, മേജർ ഇറിഗേഷൻ, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനങ്ങൾ കൈമാറി



**കൊച്ചി:** ഭിന്നശേഷിക്കാർക്ക് കൈത്താങ്ങായി മുച്ചക്രവാഹനങ്ങൾ വിതരണം ചെയ്ത് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്. 2022-23 സാമ്പത്തിക വർഷ പദ്ധതിയിൽപ്പെടുത്തി 13 ഭിന്നശേഷിക്കാർക്കാണ് മുച്ചക്ര വാഹനങ്ങൾ നൽകിയത്. പദ്ധതിയുടെ ഉദ്ഘാടനം റോജി.എം.ജോൺ എം.എൽ.എ നിർവഹിച്ചു. 14,33,308 രൂപ വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയത്.ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന കറുകുറ്റി, മൂക്കന്നൂർ, മഞ്ഞപ്ര, തുറവൂർ, അയ്യംമ്പുഴ, മലയാറ്റൂർ, കാലടി, കാഞ്ഞൂർ പഞ്ചായത്തുകളിലെ തെരെഞ്ഞെടുക്കപ്പെട്ട ഭിന്നശേഷി ഗുണഭോക്താക്കൾക്കാണ് വാഹനം കൈമാറിയത്. 2021-22ൽ 12 ലക്ഷം രൂപ ചെലവിൽ ഒമ്പത് പേർക്ക് ഇലക്ട്രോണിക്ക് വീൽ ചെയർ നൽകിയിരുന്നു.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ദേവസ്സിക്കുട്ടി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വനിത ശിശുവികസന ഓഫീസർ ഡോ.സോയ സദാനന്ദൻ പദ്ധതി വിശദീകരണം നടത്തി. അങ്കമാലി അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ വാഹന നിയമങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകി.ബ്ലോക്ക് പഞ്ചായത്ത് വൈസ്.പ്രസിഡന്റ് അഡ്വ.എം.ഒ.ജോർജ്ജ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അദ്ധ്യക്ഷൻ മനോജ് മുല്ലശ്ശേരി, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ ഷിജി ജോയ്,ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കൊച്ചുത്രേസ്യ തങ്കച്ചൻ , ബിജു കാവുങ്ങ, സിജോ ചൊവ്വരാൻ , ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എം.ആർ അഭിലാഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഐ.എച്ച്.ആർ.ഡി അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ ഐ.എച്ച്.ആർ.ഡിയുടെ കീഴിൽ പ്രവർത്തിക്കുന്നതും കാലിക്കട്ട് സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ നാട്ടിക അപ്ലൈഡ് സയൻസ് കോളേജിൽ ബിഎസ് സി ഇലക്ട്രോണിക്സ് , ബിഎസ് സി കംപ്യൂട്ടർ സയൻസ്, ബി കോം കംപ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. മേയ് 31 മുതൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പും നിർദ്ദിഷ്ട അനുബന്ധങ്ങളും 750 രൂപ (എസ് സി, എസ്.ടി 250 രൂപ) ഫീസ് ഓൺലൈനായി അടച്ച വിവരങ്ങൾ സഹിതം കോളേജ് ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ൦൦൦.രമിമദേശസമ.ശവ്യ റ.മര.ശി വെബ് സൈറ്റ്സന്ദർശിക്കുക. ഫോൺ: 88919 30575, 8547005057

# എയർപോർട്ടിൽ ജോലി നേടാൻ അവസരം

**കൊച്ചി:** രാജ്യത്തെ മുൻനിര എയർപോർട്ട് ഗ്രൗണ്ട് ഹാൻഡ്ലിംഗ് കമ്പനികളിൽ കാർഗോ ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് ആയി രാജ്യാന്തര എയർപോർട്ടുകളിൽ ജോലി ചെയ്യാൻ' അവസരം. നന്നായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ അറിയാവുന്ന ബിരുദധാരികൾക്ക് അപേക്ഷിക്കാം. 90 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം ജിഎംആർ ഏവിയേഷൻ അക്കാഡമിയുടെ' നേതൃത്വത്തിൽ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ,കളമശ്ശേരിയിൽ ഉടൻ ആരംഭിക്കും. പ്രായപരിധി 18 27 വയസ്സ് . കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ 10 മുതൽ 5 വരെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശ്ശേരിയിലുള്ള ജിഎംആർ ഓഫീസിൽ നേരിട്ടോ അല്ലെങ്കിൽ ഇനി പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക 91 7907842415 , +91 8592976314, +91 7012969277 ഇമെയിൽ mathews.pb@gmrgroup.in lakshmi.menon@gmr-group.in

## ആലുവ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് നിർമ്മാണം വേഗം പൂർത്തിയാക്കണം

**ആലുവ:** ആലുവ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്ന് ആലുവ താലൂക്ക് വികസന സമതി യോഗം ആവശ്യപ്പെട്ടു. അനധികൃത മണ്ണിടുപ്പും നിലം നികത്തലും തടയുന്നതിന് ജാഗ്രത പുലർത്തണമെന്ന് യോഗത്തിൽ നിർദ്ദേശം ഉയർന്നു. പുറമ്പോക്കിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനം അടിയന്തരമായി നടപ്പാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.യോഗത്തിൽ റോജി.എം.ജോൺ എം.എൽ.എയുടെ പ്രതിനിധി ടി.എം വർഗീസ് അധ്യക്ഷത വഹിച്ചു. അൻവർ സാദത്ത് എം.എൽ.എയുടെ പ്രതിനിധി പി.കെ തോമസ്, ചൂർണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അജി ഹക്കീം, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. റയ്ജ അമീൻ, തഹസിൽദാർ സുനിൽ മാത്യു, ഭൂരേഖ തഹസിൽദാർ ടോമി സെബാസ്റ്റ്യൻ തുടങ്ങിയവർ പങ്കെടുത്തു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിലെ ഫീമെയിൽ സർജിക്കൽ വാർഡിലേക്ക് പെയിന്റിംഗ്, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ചെയ്യുന്നതിന് പ്രവൃത്തി പരിചയമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ ജൂൺ ഒമ്പതിന് ഉച്ചയ്ക്ക് 12 വരെ നൽകാം.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കാക്കനാട് സിവിൽ സ്‌റ്റേഷനിൽ പ്രവർത്തിക്കുന്ന എറണാകുളം വനിതാ സംരക്ഷണ ഓഫീസറുടെ ഔദ്യോഗിക ആവശ്യത്തിനായി 2023 ജൂൺ മുതൽ 2024 മെയ് വരെ കരാർ അടിസ്ഥാനത്തിൽ വാഹനം (കാർ) വാടകയ്ക്ക് നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഫോറം വിൽക്കുന്ന അവസാന തിയതി ജൂൺ 15ന് ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 8281999057.

## തേക്ക് തടി ചില്ലറ വിൽപ്പന

**കൊച്ചി:** ചെട്ടിക്കുളം സർക്കാർ തടി ഡിപ്പോയിൽ ഗൃഹനിർമ്മാണാവശ്യം മുൻ നിർത്തി മേൽത്തരം തേക്ക് തടികൾ ജൂൺ 14ന് വിൽപ്പന ആരംഭിക്കും. കൂടുതൽ വിവരങ്ങൾ 0480 2744319, 8547604407 നമ്പറുകളിൽ അറിയാം.

## പരിസ്ഥിതി ദിനാഘോഷം

**കൊച്ചി:** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏലൂർ കാര്യാലയത്തിന്റെയും കുസാറ്റ്, സൊസൈറ്റി ഓഫ് മറൈൻ ബയോളജി വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ന് പരിസ്ഥിതി ദിന പരിപാടികൾ സംഘടിപ്പിക്കുന്നു. ചടങ്ങിൽ 'ബീറ്റ് പ്ലാസ്റ്റിക് പൊല്യൂഷൻ ' എന്ന വിഷയത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഏലൂർ കാര്യാലയം എൻവിയോൺമെന്റൽ എഞ്ചിനിയർ എം. എൻ. കൃഷ്ണൻ ക്ലാസ്സ് നയിക്കും. ചടങ്ങിനോടനുബന്ധിച്ച് വൃക്ഷതൈ നടീലും ക്വിസ് മത്സരവും വിജയികൾക്ക് സമ്മാന വിതരണവും ഉണ്ടാകും.

## മൃഗപരിപാലകൻ ഒഴിവുകൾ

കൊച്ചി: ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിലെ പ്രോജക്ടിന്റെ ഭാഗമായി നിലവിൽ വന്ന മൃഗപരിപാലകൻ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ വിവിധ വിഭാഗത്തിൽ പെട്ട 7 ഒഴിവുകൾ നിലവിലുണ്ട് .നിശ്ചിത യോഗ്യതകൾ ഉള്ള ഉദ്യോഗാർഥികൾ എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം ജൂൺ 21 നകം അതാത് എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ രജിസ്റ്റർ ചെയ്യണം. പ്രായപരിധി 1841 (നിയമാനുസൃത വയസ്സിളവ് അനുവദനീയം ) ഭിന്നശേഷിക്കാർ അർഹരല്ല. വിദ്യാഭ്യാസ യോഗ്യത: 1. എഴുത്തും വായനയും അറിഞ്ഞിരിക്കണം. 2. നായ പിടിത്തത്തിൽ പരിശീലനം ലഭിച്ചതിന്റെ സർട്ടിഫിക്കറ്റ് / നായപിടിത്തത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ്. 3. നല്ല ശാരീരിക ക്ഷമത ഉണ്ടായിരിക്കണം.

# വനിതാ സംരംഭകരെ ശാക്തീകരിക്കൽ; ടൈ വുമൺ ഗ്ലോബൽ പിച്ച് മത്സരം

**കൊച്ചി:** രാജ്യാന്തര തലത്തിൽ വനിതാ സംരംഭകരെ ശാക്തീകരിക്കാനും പിന്തുണയ്ക്കാനും ലക്ഷ്യമിട്ടുള്ള ദി ഇൻഡസ് എന്റർപ്രണേഴ്സ് (ടൈ) ഗ്ലോബലിന്റെ സംരംഭമായ ടൈ വിമൻ 2023 ഗ്ലോബൽ പിച്ച് മത്സരം പ്രഖ്യാപിച്ചു. പ്രാദേശിക, ദേശീയ തല മത്സരങ്ങൾക്ക് ശേഷമാണ് ആഗോള ഫൈനൽ മത്സരം നടക്കുക.വിജയികൾക്ക് ആകർഷകമായ സമ്മാനത്തുക ലഭിക്കും. ഇതുവരെ, സ്ത്രീകൾ നയിക്കുന്ന ഒമ്പത് സ്റ്റാർട്ടപ്പുകൾക്കായി രണ്ട് ലക്ഷത്തി അമ്പത്തേഴായിരം ഡോളറിന്റെ ഗ്രാന്റുകൾ ലഭിച്ചതായി സംഘാടകർ പറഞ്ഞു.മത്സരത്തിന്റെ ഭാഗമായി ടൈ കേരള നടത്തുന്ന സംസ്ഥാന തല ഓപ്പൺ മൈക്ക് പിച്ച് സെഷൻ ജൂൺ ആറിന് കൊച്ചി അമിറ്റി ഗ്ലോബൽ ബിസിനസ് സ്കൂളിൽ നടക്കും. സംസ്ഥാനത്തെ വനിതാ സംരംഭകർക്ക് ഈ അവസരം പ്രയോജനപ്പെടുത്താൻ ടൈ കേരള അപേക്ഷകൾ ക്ഷണിച്ചു. ംംം.ശേലംീാലി.ീൃഴ വഴി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക: +91 70258 88862 / ശിളീ@ശേലസലൃമഹമ.ീൃഴ.സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന ആഗോള സംഘടനയായ ടൈയുടെ ഗ്ലോബൽ പിച്ച് മത്സരം വനിതാ സംരംഭകർക്ക് അവരുടെ നൂതനമായ ബിസിനസ്സ് ആശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും നിക്ഷേപകർ, വ്യവസായ വിദഗ്ധർ, ഉപദേശകർ എന്നിവരുമായി നെറ്റ്‌വർക്കിനും വേദി ഒരുക്കുന്നു. പഠനം, മാർഗനിർദേശം, ഫണ്ടിംഗ്, സ്കേലബിലിറ്റി, സേഫ് സ്പേസ്, കമ്മ്യൂണിറ്റി എന്നീ അടിസ്ഥാന കാഴ്ചപ്പാടാണ് ടൈ വനിതാ വിഭാഗം മുന്നോട്ട് വെക്കുന്നതെന്ന് കേരള ടൈ വിമൻ ചാപ്റ്റർ ചെയർ നിഷാ ജോസ് പറഞ്ഞു.

# മാലിന്യ മുക്തം നവകേരളം : ശുചീകരണ യജ്ഞം സംഘടിപ്പിച്ചു



**കൊച്ചി:** മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ തൃക്കാക്കര നഗരസഭയിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ഭാരത് മാതാ കോളേജ് തൃക്കാക്കര, കെ.എം.എം കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് തൃക്കാക്കര, സെന്റ്. പോൾസ് കോളേജ് കളമശ്ശേരി എന്നീ കോളേജുകളിലെ നാഷണൽ സർവീസ് സ്കീം , എൻ.സി.സി വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കാളികളായി.സീപോർട്ട് എയർപോർട്ട് റോഡ്, പൈപ്പ് ലൈൻ ജംഗ്ഷൻ തുടങ്ങിയ ഇടങ്ങളിൽ കൂടി കിടന്നിരുന്ന മാലിന്യ കൂമ്പാരങ്ങൾ വിദ്യാർത്ഥികൾ നീക്കം ചെയ്തു. ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി നീക്കം ചെയ്ത മാലിന്യം തൃക്കാക്കര നഗരസഭയ്ക്ക് കൈമാറി. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന് സംബന്ധിച്ച് ശുചിത്വ മിഷൻ അസ്സി. കോഓർഡിനേറ്റർ കെ.ജെ ലിജി വിശദീകരിച്ചു. കെ.എം.എം കോളേജ് നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർ ബിജിത്ത്.എം.ശങ്കർ, ജില്ലാ ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ ജെയിൻ പോൾ, ജില്ലാ ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺമാരായ മായദേവി, അന്ന വലന്റീന, എം.എ മുഹമ്മദ് മുബഷീർ , ശുചിത്വ മിഷൻ ഇന്റേൺ ബിപിൻ ബാലകൃഷ്ണൻ, ടോം.എസ്. ചങ്ങളത്ത് എന്നിവർ ക്ലീനിംഗിന് ഡ്രൈവിൽ പങ്കെടുത്തു.

## കണയന്നൂർ താലൂക്ക് എയർ ഇന്ത്യ ബിൽഡിങ്ങിലേക്ക് മാറ്റി സ്ഥാപിക്കണം

**കൊച്ചി:** കണയന്നൂർ താലൂക്ക് ഓഫീസ് സർക്കാർ പുതുതായി ഏറ്റെടുത്തിട്ടുള്ള എയർ ഇന്ത്യ ബിൽഡിങ്ങിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന് താലൂക്ക് വികസന സമിതി യോഗം. കേരളത്തിലെ ഏറ്റവും തിരക്കേറിയതും പഴക്കമുള്ളതുമായ താലൂക്ക് ഓഫീസ് സ്ഥലപരിമിതിയിൽ ബുദ്ധിമുട്ടുന്ന സാഹചര്യത്തിലാണ് ഓഫീസ് മാറ്റി സ്ഥാപിക്കണമെന്ന അഭിപ്രായം ഉയർന്നത്.തൃപ്പൂണിത്തുറ നഗരസഭ പരിധിയിൽ നടപ്പാതകൾ കൈയ്യേറി മീൻ, മത്സ്യം, ചായ മുതലായവ കച്ചവടം നടത്തുന്നുണ്ട്. ഇത് കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ടാണെന്ന് യോഗത്തിൽ പരാതി ഉയർന്നു. കൊച്ചി നഗരസഭ പരിധിയിൽ കെ പി വള്ളോൻ റോഡിൽ സൂപ്പർ മാർക്കറ്റുകൾക്ക് മുൻവശം വെള്ളം കെട്ടിക്കിടക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. കൂടാതെ മരട് മുനിസിപ്പാലിറ്റി പരിധിയിൽ നെട്ടൂർ പള്ളി മുതൽ ഐഎൻടിയുസി ജംഗ്ഷൻ വരെ റോഡ് അരികിൽ കണ്ടെയ്നർ പാർക്ക് ചെയ്യുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. അരൂർ കുമ്പളം പാലത്തിൽ വഴിവിളക്കുകൾ കാലങ്ങളായി പ്രവർത്തിക്കുന്നില്ല. പനങ്ങാട് എസ് എൻ ജംഗ്ഷൻ മുതൽ തെക്കുഭാഗത്ത് കാന ഇല്ലാത്തതിനാൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുകയാണെന്ന പ്രശ്നവും വികസനസമിതി യോഗത്തിൽ പരിഗണിച്ചു.കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് നിലവിലുള്ള കാനകൾ പുതുക്കിപ്പണിയാതെ പുതിയ കാനകൾ പണിയുകയാണെന്നും പരാതി ഉയർന്നു. മൺസൂൺ ആരംഭിക്കുന്നതിനു മുമ്പായി കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡും കൊച്ചിൻ കോർപ്പറേഷനുമായി സംയുക്ത പരിശോധന നടത്തി സുഗമമാക്കുവാൻ ഉള്ള നടപടികൾ സ്വീകരിക്കണമെന്ന് തഹസിൽദാർ രഞ്ജിത്ത് ജോർജ് അഭിപ്രായപ്പെട്ടു.

# കൊച്ചിയിൽ ദേശീയ സാങ്കേതിക ശിൽപശാലയുമായി ഐസിഎആർ സിഫ്റ്റ്



**കൊച്ചി :** കേന്ദ്ര കൃഷിമന്ത്രാലയത്തിന് കീഴിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റ് ഭക്ഷ്യസുരക്ഷയെ സംബന്ധിച്ചുള്ള ദേശീയ ശിൽപശാല സംഘടിപ്പിക്കുന്നു. കൊച്ചിയിലെ സിഫ്റ്റ് കാമ്പസിൽ ജൂൺ ഏഴിനും എട്ടിനുമാണ് ശിൽപശാല നടക്കുന്നത്. ഭക്ഷ്യസുരക്ഷയെ കുറിച്ചുള്ള ഇന്ത്യൻ കാഴ്ചപ്പാടും അതിലെ മാനദണ്ഡങ്ങളുമാണ് വിഷയം. സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് ഇന്ത്യ (SOFTI), ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI), അസോസിയേഷൻ ഓഫ് ഒഫീഷ്യൽ അനലറ്റിക്കൽ കെമിസ്റ്റ്സ് ഇന്റർനാഷണലിന്റെ (AOAC) ഇന്ത്യൻ വിഭാഗം എന്നിവയുടെയും ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ജൂൺ ഏഴിന് രാവിലെ 9.30 യ്ക്ക് നടക്കുന്ന ചടങ്ങിൽ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റ് ജഗദിഷ് ഫോഫാൻഡി ശിൽപശാല ഉദ്ഘാടനം ചെയ്യും.ഭക്ഷണപദാർത്ഥങ്ങൾ കേടുവരാതെ സൂക്ഷിക്കുന്ന പ്രിസർവേഷൻ രീതികൾ, കൂടുതൽ പോഷകങ്ങൾ ഉൾപ്പെടുത്തുന്ന ഫോർട്ടിഫിക്കേഷൻ, ഗുണനിലവാരം മെച്ചപ്പെടുത്തുന്ന വാല്യൂ അഡീഷൻ എന്നീ വിഷയങ്ങളോടൊപ്പം പുതുതായി രംഗത്ത് വരുന്ന ഭക്ഷണപദാർത്ഥങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയും ചർച്ചയാകും. പ്രധാനമായും ഭക്ഷ്യസുരക്ഷയിൽ വരുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാം എന്നതിലായിരിക്കും കൂടുതൽ ഊന്നൽ നൽകുക.ഭക്ഷ്യസുരക്ഷാ രംഗത്തെ പ്രമുഖർ നയിക്കുന്ന പ്ലീനറി സെഷനും സ്പോൺസർമാർ നയിക്കുന്ന ടെക്നിക്കൽ സെഷനും പ്രധാന ആകർഷണങ്ങളായിരിക്കും. ഇന്ത്യക്കകത്ത് നിന്നും പുറത്തുനിന്നുമുള്ള നാനൂറോളം ശാസ്ത്രജ്ഞർ, വിഷയവിദഗ്ധർ, നയനിർമാതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ ഈ ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്. ഒരേസമയം ഓൺലൈനായും ഓഫ്ലൈനായും നടക്കുന്ന ഹൈബ്രിഡ് രീതിയിലായിരിക്കും ശില്പശാല പുരോഗമിക്കുക. ഈ പരിപാടിയുടെ ഭാഗമായി വിവിധ വിഷയങ്ങളിലുള്ള പ്രബന്ധാവതരണവും പോസ്റ്റർ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.കാർഷിക, ഭക്ഷ്യ വ്യാപാരത്തിൽ കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കാനും അവതരിപ്പിക്കാനും ശില്പശാലയ്ക്ക് കഴിയുമെന്ന് ഐസിഎആർ സിഫ്!റ്റിന്റെ ഡയറക്ടർ ഡോ. ജോർജ് നൈനാൻ അഭിപ്രായപ്പെട്ടു. ലോകമെമ്പാടും ഫുഡ് പ്രോസസിങ്ങിന്റെയും അതിൽ പോഷകങ്ങൾ ഉൾപ്പെടുത്തി ഗുണനിലവാരം കൂട്ടേണ്ടതിന്റെയും ആവശ്യം ഉയർന്നുവരികയാണ് ഇതിന്റെ പശ്ചാത്തലത്തിലായിരിക്കും ശില്പശാല നയിക്കപ്പെടുകയെന്നും അദ്ദേഹം വ്യക്തമാക്കി

# 'ചാട്ടുളി' ഫസ്റ്റ് ലുക്ക് പോസ്റ്റർ




**കൊച്ചി:** ഷൈൻ ടോം ചാക്കോ, ജാഫർ ഇടുക്കി, കലാഭവൻ ഷാജോൺ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി രാജ് ബാബു സംവിധാനം ചെയ്യുന്ന 'ചാട്ടുളി ' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.അട്ടപ്പാടിയിൽ ചിത്രീകരണം പൂർത്തിയാക്കിയ ഈ ചിത്രത്തിൽ കാർത്തിക് വിഷ്ണു, ശ്രുതി ജയൻ, ലതാദാസ്, വർഷ പ്രസാദ്, തുടങ്ങിയവരും അഭിനയിക്കുന്നു.നെൽസൺ ഐപ്പ് സിനിമാസ്, ഷാ ഫൈസി പ്രൊഡക്ഷൻസ്, നവതേജ് ഫിലിംസ് എന്നീ ബാനറുകളിൽനെൽസൺ ഐപ്പ്, ഷാ ഫൈസി, സുജൻ കുമാർ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന 'ചാട്ടുളി'എന്ന ചിത്രത്തിന്റെ കഥ തിരക്കഥ സംഭാഷണം ജയേഷ് മൈനാഗപ്പള്ളി എഴുതുന്നു.പ്രമോദ്. കെ. പിള്ള ഛായാഗ്രഹണം നിർവ്വഹിക്കുന്നു.ഏങ്ങിയൂർ ചന്ദ്രശേഖരൻ,ആന്റണി പോൾ എന്നിവരുടെ വരികൾക്ക് ബിജിബാൽ, ജസ്റ്റിൻ ഫിലിപ്പോസ് എന്നിവർ സംഗീതം പകരുന്നു.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅജു വി.എസ്. പ്രൊഡക്ഷൻ കൺട്രോളർഷാജി പട്ടിക്കര,എഡിറ്റർഅയൂബ് ഖാൻ,കലഅപ്പുണ്ണി സാജൻ, മേക്കപ്പ് റഹിം കൊടുങ്ങല്ലൂർ,വസ്ത്രാലങ്കാരംരാധാകൃഷ്ണൻ മങ്ങാട്,അസോസിയേറ്റ് ഡയറക്ടർരാഹുൽ കൃഷ്ണ,അസിസ്റ്റന്റ് ഡയറക്ടേഴ്സ്കൃഷ്ണകുമാർ ഭട്ട്, നൗഫൽ ഷാജ് ഉമ്മർ, ഡോ.രജിത്കുമാർ,
പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ബാബുരാജ് മനിശ്ശേരി, ജബ്ബാർ മതിലകം, ലൊക്കേഷൻ മാനേജർ പ്രസാദ് ശ്രീകൃഷ്ണപുരം,സംഘട്ടനംബ്രൂസ് ലി രാജേഷ്, പ്രദീപ് ദിനേശ്,സ്റ്റിൽസ്അനിൽ പേരാമ്പ്ര, പരസ്യക്കലആന്റണി സ്റ്റീഫൻ,പി ആർ ഒ എ എസ് ദിനേശ്

# പേപ്പർ രഹിത മൈക്രോ ലോണുകളുമായി ഇസാഫ് ബാങ്ക്

**തൃശൂർ:** മൈക്രോ ലോൺ വിതരണത്തിന് ഇസിഗ്നേച്ചർ വിജയകരമായി നടപ്പിലാക്കി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്. 2022-23 സാമ്പത്തിക വർഷം 5.27 ലക്ഷം മൈക്രോ ലോണുകളാണ് തീർത്തും പേപ്പർ രഹിതമായ ഇസിഗ്നേചർ സംവിധാനത്തിലൂടെ വിതരണം ചെയ്തതെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് പറഞ്ഞു.ഇത് ബാങ്കിന്റെ ഡിജിറ്റൽ പരിവർത്തനത്തിൽ സുപ്രധാന കാൽവെപ്പാണ്. ഇസിഗ്നേചർ സംവിധാനം നടപ്പിലാക്കിയതിലൂടെ പാരിസ്ഥിതിക സുസ്ഥിരതയ്ക്കായി വലിയ സംഭാവന നൽകാനും ബാങ്കിനു കഴിഞ്ഞു. വായ്പാ നടപടിക്രമങ്ങൾക്കാവശ്യമായി പേപ്പറുകളുടെ ഉപയോഗം പൂർണമായും ഇല്ലാതാക്കിയതോടെ വനനശീകരണത്തെയും ജല ഉപയോഗത്തേയും കുറക്കാനും ബാങ്കിനു കഴിഞ്ഞു. ഇസാഫ് ബാങ്കിന് നിലവിൽ 65 ലക്ഷം ഉപഭോക്താക്കളുണ്ട്. 60 ശതമാനം മൈക്രോ ബാങ്കിംഗ് ഉപഭോക്താക്കളും ഇസിഗ്നേച്ചറുകൾ ഉപയോഗത്തിലേക്ക് മാറി. ഏകദേശം 25 ലക്ഷം മൈക്രോ ബാങ്കിങ് വായ്പകൾ വരുമിത്. പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുന്നതിനും പരിസ്ഥിതിക്ക് ദോഷകരമായ കാർബൺ പുറന്തള്ളൽ കുറക്കുന്നതിനും ഗുണകരമായ സ്വാധീനം ചെലുത്താൻ ഈ സംരംഭങ്ങളിലൂടെ ഇസാഫ് ബാങ്കിന് കഴിഞ്ഞു.ജനങ്ങളും ഭൂമിയും സമൃദ്ധിയും ഉൾപ്പെട്ടതാണ് ഞങ്ങളുടെ സോഷ്യൽ ബിസിനസ് തന്ത്രം. പ്രവർത്തനങ്ങളിലും ഉൽപ്പന്നങ്ങളിലും ഇത് പ്രതിഫലിപ്പിക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. മൈക്രോ ബാങ്കിങ് ഉപഭോക്താക്കളെ ടാബുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഓൺബോർഡിങിലൂടെയാണ് ബാങ്കിന്റെ ഭാഗമാക്കുന്നത്. മികച്ച ഒരു നാളേക്കു വേണ്ടി കരുതലുള്ള ഒരു സംസ്കാരം സൃഷ്ടിക്കുന്നതിലാണ് ഞങ്ങൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് പ്രയോഗത്തിൽ വരുത്തുന്നതാണ് ഞങ്ങളുടെ ഡിജിറ്റൽ സംരംഭങ്ങൾ. ഇ സിഗ്നേചർ സംവിധാന ജീവനക്കാരുടെ ഉൽപ്പാദനക്ഷമതയെ മെച്ചപ്പെടുത്തുകയും ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമാകുകയും ചെയ്തിട്ടുമുണ്ടെന്നും കെ. പോൾ തോമസ് പറഞ്ഞു.

# പെൻഡുലം 'ജൂൺ 16ന്




**കൊച്ചി:** വിജയ് ബാബു, ഇന്ദ്രൻസ്, അനു മോൾ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ റെജിൻ എസ് ബാബു തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന'പെൻഡുലം'ജൂൺ പതിനാറിന് പ്രദർശനത്തിനെത്തുന്നു.സുനിൽ സുഖദ, ഷോബി തിലകൻ, ദേവകീ രാജേന്ദ്രൻ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ. ലൈറ്റ് ഓൺ സിനിമാസ്, ബാറ്റ് ബ്രോസ് ഇന്റർനാഷണൽ എന്നിവയുടെ ബാനറിൽ ഡാനിഷ് കെ എ,ലിഷ ജോസഫ് , ബിനോജ് വില്ല്യ,മിഥുൻ മണി മാർക്കറ്റ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അരുൺ ദാമോദരൻ നിർവ്വഹിക്കുന്നു.സമീർ ബിൻസി,ടിറ്റോ പി പാപ്പച്ചൻ,ലിഷ ജോസഫ് എന്നിവരുടെ വരികൾക്ക് ജീൻസംഗീതം പകരുന്നു. കോ പ്രൊഡ്യൂസർ അഖിൽ ഇറക്കിൽ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅരുൺ പ്രസാദ് ഏ പി, ബിജു അലക്സ്,ലൈൻ പ്രൊഡ്യൂസർപോൾ ജോർജ്ജ്,ജോസ് ലാസർ, ശ്രീഹരി കെ മാരാർ,എഡിറ്റർസൂരജ് ഇ എസ്, പ്രൊഡക്ഷൻ കൺട്രോളർ ജോബ് ജോർജ്ജ്,കലദുൻധു രാജീവ് രാധ,മേക്കപ്പ് റോണി വെള്ളത്തൂവൽ, വസ്ത്രാലങ്കാരംവിപിൻ ദാസ്,സ്റ്റിൽസ്വിഷ്ണു എസ് രാജൻ,പരസ്യകല മാമിജോ, ക്രിയേറ്റീവ് ഡയറക്ടർ ജിതിൻ എസ് ബാബു, അസോസിയേറ്റ് ഡയറക്ടർഅബ്രു സൈമൺ,അസിസ്റ്റൻറ് ഡയറക്ടർനിഥിൻ എസ് ആർ,ഹരി വിസ്മയം, ശ്രീജയ്,ആതിര കൃഷ്ണൻഫിനാൻസ് കൺട്രോളർരോഹിത് ഐ എസ്, പ്രൊഡക്ഷൻ മാനേജർ ആദർശ് സുന്ദർ, ജോബി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്വിനോദ് വേണു ഗോപാൽ,പി ആർ ഒ എ എസ് ദിനേശ്

# കെഫോൺ; ആദ്യ ഘട്ടത്തിൽ 30,000 സർക്കാർ സ്ഥാപനങ്ങളിലും 14,000 വീടുകളിലും കണക്ഷൻ

**തിരുവനന്തപുരം:** കേരളത്തിന്റെ ഇന്റർനെറ്റ് കുതിപ്പിന് കൂടുതൽ വേഗത നൽകുന്ന കെഫോൺ പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. സുശക്തമായ ഫൈബർ ശൃംഖല സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്നതിലൂടെ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ വീടുകളിലും സർക്കാർ സ്ഥാപനങ്ങളിലും വാണിജ്യ അടിസ്ഥാനത്തിലും കേരളത്തിലെങ്ങും ലഭ്യമാകും. ആദ്യ ഘട്ടത്തിൽ സാമ്പത്തികമായ പിന്നാക്കം നിൽക്കുന്ന 14,000 വീടുകളിലും 30,000ത്തിൽപരം സർക്കാർ സ്ഥാപനങ്ങളിലുമാകും കെഫോണിന്റെ ഇന്റർനെറ്റ് സേവനം ലഭ്യമാവുക.ഇന്ന് വൈകുന്നേരം നാലിന് മുഖ്യമന്ത്രി കെഫോൺ പദ്ധതി ഉദ്ഘാടനം ചെയ്യും. ഇതോടൊപ്പം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ വേണുഗോപാൽ കെഫോൺ കൊമേഷ്യൽ വെബ് പേജും തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുകളുടെ ചുമതലയിലുള്ള മന്ത്രി എം.ബി രാജേഷ് മൊബൈൽ ആപ്ലിക്കേഷനും ലോഞ്ച് ചെയ്യും. വൈദ്യുത വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി കെഫോൺ മോഡം പ്രകാശനവും നിർവഹിക്കും.ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് തിരഞ്ഞെടുത്ത കെഫോൺ ഉപഭോക്താക്കളോടും മുഖ്യമന്ത്രി സംവദിക്കും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുടുംബം, വയനാട് പന്തലാടിക്കുന്ന് ആദിവാസി കോളനിയിലെ ആളുകൾ, സ്കൂൾ വിദ്യാർത്ഥികൾ, തിരഞ്ഞെടുത്ത ഒരു സർക്കാർ സ്ഥാപനം എന്നിവരുമായാകും മുഖ്യമന്ത്രി ഓൺലൈനായി കൂടിക്കാഴ്ച നടത്തുക.കേരളത്തിന്റെ ഡിജിറ്റലൈസേഷനിൽ നാഴികക്കല്ലാണ് കെഫോണെന്ന് കെഎസ്ഐടിഎൽ ആന്റ് കെഫോൺ പ്രിൻസിപ്പൽ സെക്രട്ടറിയും മാനേജിംഗ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു പറഞ്ഞു. കുറഞ്ഞ ചെലവിൽ ഹൈസ്പീഡ് ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുക, സർക്കാർ ഓഫീസുകളും വീടുകളുമുൾപ്പടെ കേരളത്തിലെ എല്ലാവർക്കും ഇന്റർനെറ്റ് ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ എത്രയും വേഗം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. എല്ലാവർക്കും ഡിജിറ്റൽ ലോകത്തേക്ക് കടന്നുവരാനാവുന്നത് ഒരു സമൂഹത്തെ ഒന്നാകെ പുരോഗതിയിലേക്ക് നയിക്കുന്നതിന് കാരണമാകുമെന്നും അത്തരമൊരു ലക്ഷ്യപൂർത്തീകരണത്തിന്റെ ഭാഗമാകുന്നതിൽ അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പട്ടികയനുസരിച്ച് ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിലെ നൂറു വീടുകൾ എന്ന നിലയിലാണ് കെഫോൺ കണക്ഷൻ നൽകുന്നത്. കേരളത്തിലുടനീളം 40 ലക്ഷത്തോളം ഇന്റർനെറ്റ് കണക്ഷനുകൾ നൽകാൻ പര്യാപ്തമായ ഐടി ഇൻഫ്രസ്ട്രക്ചർ ഇതിനോടകം കെഫോൺ സജ്ജീകരിച്ചിട്ടുണ്ട്. 20 എംബിപിഎസ് വേഗതയിൽ മുതൽ ഉപഭോക്താക്കൾക്ക് ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗിക്കാം. ആവശ്യാനുസരണം വേഗത വർധിപ്പിക്കാനും സാധിക്കും.നിലവിൽ ഇൻസ്റ്റാളേഷൻ പൂർത്തീകരിച്ച് 26492 സർക്കാർ ഓഫീസുകളിൽ 17,354 ഓഫീസുകളിൽ ഇന്റർനെറ്റ് സേവനം ലൈവാണ്. ജൂൺ അവസാനത്തോടെ നിലവിൽ ലഭിച്ചിരിക്കുന്ന പട്ടികയനുസരിച്ച് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും കണക്ഷൻ എത്തിക്കുമെന്നും കെ ഫോൺ അധികൃതർ വ്യക്തമാക്കുന്നു. ഏഴായിരത്തിലധികം വീടുകളിലേക്ക് കണക്ഷൻ നൽകാനാവശ്യമായ കേബിൾ വലിക്കുന്ന ജോലികൾ പൂർത്തിയാക്കിയപ്പോൾ ആയിരത്തിലധികം ഉപഭോക്താക്കൾ നിലവിൽ കെഫോണിനുണ്ട്. 2023 ഓഗസ്റ്റോടുകൂടി ആദ്യഘട്ടം പൂർത്തീകരിച്ച് വണിജ്യ കണക്ഷൻ നൽകുന്നതിനുള്ള നടപടികളിലേക്ക് കടക്കും. ആദ്യ വർഷം രണ്ടരലക്ഷം വാണിജ്യ കണക്ഷനുകൾ നൽകാമെന്നാണ് കണക്കുകൂട്ടൽ. ഇതുവഴി പദ്ധതി ലാഭത്തിലാക്കാൻ സാധിക്കുമെന്ന് കെഫോൺ അധികൃതർ വ്യക്തമാക്കുന്നു.

INTERNET - A BASIC RIGHT

# മെയ് മാസത്തിൽ 4,660 കാർ വിൽപ്പന നടത്തി ഹോണ്ട

**ന്യൂഡൽഹി:** പ്രീമിയം കാറുകളുടെ മുൻനിര നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (ഒഇകഘ)മെയ് മാസത്തിൽ 4,660 കാറുകളുടെ ആഭ്യന്തര വിൽപ്പന നടത്തിയതായി ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് ആൻഡ് സെയിൽസ് ഡയറക്ടർ യുയിച്ചി മുറാത പറഞ്ഞു, മെയ് 2023 മാസത്തെ തങ്ങളുടെ വിൽപ്പന ഞങ്ങളുടെ പ്രതീക്ഷകൾക്ക് അനുസൃതമായിരുന്നു. അമേസും സിറ്റിയും മികച്ച പ്രകടനം തുടരുകയും ശക്തമായ ഉപഭോക്തൃ മുൻഗണന നേടുകയും ചെയ്തു. ഇതോടൊപ്പം,വരാനിരിക്കുന്ന പുതിയ എസ്യുവി ഹോണ്ട എലിവേറ്റിന്റെ ലോക പ്രീമിയറിനായി തങ്ങൾ ഒരുങ്ങുകയാണ്. പുതിയ ഹോണ്ട എസ്യുവി തങ്ങളുടെ നെറ്റ്‌വർക്കിലും പ്ലാറ്റ്ഫോമുകളിലും ഉടനീളമുള്ള ഉപഭോക്താക്കളിൽ നിന്ന് വിപണിയിൽ വളരെയധികം ശ്രദ്ധ നേടുന്നു. ഉപഭോക്താക്കളിൽ നിന്ന് മികച്ച സ്വീകാര്യത ലഭിക്കുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം പറഞ്ഞു.മെയ് 2022ൽ കമ്പനി ആഭ്യന്തര വിൽപ്പനയിൽ 8,188 യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുകയും 1,997 യൂണിറ്റുകൾ കയറ്റുമതി ചെയ്യുകയും ചെയ്തു.

# ഒഎൻഡിസി ബിടുബി സമ്മേളനം: ബഹുമതിയുമായി കേരള സ്റ്റാർട്ടപ്പ് റാപ്പിഡോർ

**കൊച്ചി:** സൂക്ഷ്മചെറുകിടഇടത്തരം സംരംഭങ്ങൾക്ക്(എംഎസ്എംഇ) ഡിജിറ്റൽ വിപണനം സുഗമമാക്കാനായി കേന്ദ്രസർക്കാർ തുടങ്ങിയ ഓപ്പൺ നെറ്റ് വർക്ക് ഡിജിറ്റൽ കൊമേഴ്സിൽ(ഒഎൻഡിസി)യുടെ ബിടുബി സമ്മേളനത്തിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സ്റ്റാർട്ടപ്പായ റാപ്പിഡോറിനെ ആദരിക്കും. പ്ലേസ്ഓർഡർ ഡോട് കോം എന്ന വെബ്സൈറ്റിലൂടെ എംഎസ്എംഇകൾക്ക് സുഗമമായി ബിസിനസ് രജിസ്റ്റർ ചെയ്യാനും ഓർഡറുകൾ സ്വീകരിക്കാനും കഴിയുന്ന സംവിധാനമൊരുക്കിയത് കണക്കിലെടുത്താണിത്.ഡിജിറ്റൽ ഇകൊമേഴ്സ് എല്ലാ തട്ടിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്രസർക്കാർ തുടങ്ങിയ തുറന്ന ഇകൊമേഴ്സ് ശൃംഖലയാണ് ഒഎൻഡിസി. 236 നഗരങ്ങളിലായി 36,000 കച്ചവടക്കാരാണ് ഇതിൻറെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത്.ഡൽഹിയിലെ ഒഎൻഡിസി ഓഫീസിൽ വച്ച് ഈ മാസം അഞ്ചിന് നടക്കുന്ന ബിടുബി അലോക്ഡ് എന്ന പരിപാടിയിൽ റാപിഡോറിൻറെ സ്ഥാപകൻ തോംസൺ സ്ക്കറിയ, സഹസ്ഥാപകരായ പ്രഭു ചന്ദ്രു, പവൻകുമാർ എന്നിവരെ ആദരിക്കും.എംഎസ്എംഇകൾ പ്ലേസ്ഓർഡറിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അവർ നൽകുന്ന സേവനങ്ങൾ ആർക്കാണോ വേണ്ടത് അവർ ഒഎൻഡിസി വഴി തന്നെ ഓർഡറുകൾ നൽകുന്നു. സ്വന്തമായി ഇകൊമേഴ്സ് പ്ലാറ്റ്ഫോം ഇല്ലാതെ തന്നെ വ്യാപാരം സാധ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഇത് തടസ്സങ്ങളോ പരിധിയോ ഇല്ലാതെ ചെയ്യാൻ സാധിക്കുമെന്നതാണ് പ്രത്യേകത.ബിസിനസ് ടു ബിസിനസ് ഇടപാടുകൾ ത്വരിതഗതിയിലാക്കാനാണ് റാപ്പിഡോർ, സൈസൻക്യാച്ച് എന്നീ കമ്പനികളുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചതെന്ന് ഒഎൻഡിസി എംഡിയും സിഇഒയുമായ ടി.കോശി പറഞ്ഞു. അത് ഫലപ്രദമായും വിജയകരമായും നടക്കുന്നുവെന്നത് ആഹ്ളാദകാരമായ കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഒഎൻഡിസിയിൽ നിന്നുള്ള മാസങ്ങളുടെ സഹകരണത്തിനും അപാരമായ പ്രോത്സാഹനത്തിനും ശേഷം, ഒഎൻഡിസിയിലെ ബിസിനസുകൾക്കായി ഇൻററോപ്പറബിൾ ട്രേഡ് ഇപ്പോൾ തുറന്നിരിക്കുകയാണെന്ന് റാപ്പിഡോർ സ്ഥാപക സിഇഒ തോംസൺ സ്കറിയ അഭിപ്രായപ്പെട്ടു. ഡിജിറ്റൽ വ്യാപാര രംഗത്ത് കടന്നുവരാൻ കഴിയാത്ത 90 ശതമാനം വ്യാപാരികൾക്കും സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താനും അവരുടെ ബിസിനസ്സ് വിപുലീകരിക്കാനും പുതിയ വിപണികളിലേക്ക് കടന്നുചെല്ലുവാനും കൂടുതൽ മികച്ച രീതിയിൽ കച്ചവടം നടത്തുവാനും ഈ പുതിയ സംവിധാനം പ്രോത്സാഹനമായിത്തീരും. ഇന്ത്യയിലെ 60 മില്യൺ എംഎസ്എംഇകളെ ശാക്തീകരിക്കുന്നത് നമ്മുടെ ജിഡിപിയെ ഉത്തേജിപ്പിക്കും. കൂടാതെ അഞ്ച് ട്രില്യൺ ഡോളർ സമ്പദ് വ്യവസ്ഥ എന്ന ഇന്ത്യയുടെ സ്വപ്നവും സാക്ഷാത്കരിക്കുവാൻ ഇതുവഴി സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പ്ലേസ്ഓർഡറിൽ രജിസ്റ്റർ ചെയ്ത ശീതീകരിച്ച സമുദ്രോത്പന്ന വിതരണ കമ്പനിയായ അബാദിന് ഉടൻ തന്നെ ബംഗളുരുവിലെ ലുലു മാളിൽ നിന്നും ഓർഡർ ലഭിച്ചു. രാജ്യത്തുടനീളമുള്ള എംഎസ്എംഇകൾ ഇതു വഴി രജിസ്റ്റർ ചെയ്യുന്നുണ്ട്. ചെലവ് കുറഞ്ഞ, മികച്ച ലാഭം കിട്ടുന്ന, മികച്ച വിൽപന നടക്കുന്ന ഈ പ്ലാറ്റ്ഫോം ഡിജിറ്റൽ വിപണനത്തിൽ പുത്തൻ അധ്യായം കുറിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.റാപിഡോറിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് https://www.rapidor.co/ അല്ലെങ്കിൽ https://placeorder.com/ എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

